അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

VOL 15 • ISSUE 1

THE SOUL WINNER • FULFILLING THE GREAT COMMISSION

SEP 2026

## പാസ്റ്റർ സി സി തോമസിന് ഓണററി ഡോക്ടറേറ്റ് ലഭിച്ചു



**ചെന്നൈ •** ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻസിന്റെ സൗത്ത് ഏഷ്യാ റീജിയണൽ സൂപ്രണ്ടും, സുപ്രസിദ്ധ സുവിശേഷ / കൺവെൻഷൻ പ്രഭാഷകനും, ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പെൽ) ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് മുൻ ഓവർസീയറും, ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പെൽ) ഇൻ ഇന്ത്യ സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ സി സി തോമസിന് ദൈവശാസ്ത്ര വിദ്യാഭ്യാസം, സഭാ സ്ഥാപനം, മിഷൻ പ്രവർത്തനം, യുവജന ശുശ്രൂഷ, സഭാ നേതൃത്വ വികസനം എന്നീ മേഖലകളിൽ മൂന്ന് പതിറ്റാണ്ടിലധികമായി നൽകിയ ശ്രദ്ധേയമായ സംഭാവനകളെ മാനിച്ച് ചെന്നൈയിലെ ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

2016 സെപ്റ്റംബർ 1 ന് ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ, കേരള സ്റ്റേറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പായി ചുമതലയേറ്റ അദ്ദേഹം സഭാ വളർച്ച, സഭാ സ്ഥാപനം, വിരമിച്ച പാസ്റ്റർമാരുടെ ക്ഷേമം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ നേതൃത്വം നൽകി. 2024 സെപ്റ്റംബറിൽ ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻസിന്റെ സൗത്ത് ഏഷ്യാ റീജിയണൽ സൂപ്രണ്ടായി നിയമിതനായ പാസ്റ്റർ സി. സി തോമസ് ഈ സ്ഥാനത്ത് എത്തുന്ന ആദ്യ ഇന്ത്യൻ /ഏഷ്യൻ വംശജനാണ്. ഇന്ത്യക്ക് പുറമെ മംഗോളിയ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളിലെ ശുശ്രൂഷകൾക്കും അദ്ദേഹം നേതൃത്വം നൽകുന്നു. ഓൾ ഇന്ത്യ ഗവേണിംഗ് ബോർഡിന്റെ ചെയർമാനായും സേവനം അനുഷ്ഠിക്കുന്നു.

ദക്ഷിണ ഏഷ്യയിലെ ആറ് മേഖലകളിലായി 10,000 ത്തിലധികം സഭകൾക്കും പത്ത് ലക്ഷത്തിലധികം വിശ്വാസികൾക്കും നേതൃത്വം നൽകുന്ന അദ്ദേഹം, സെമിനാരി വിദ്യാഭ്യാസത്തിന്റെ നവീകരണം, പാസ്റ്റർമാരുടെ തുടർ പരിശീലനം, പുതിയ തലമുറ നേതാക്കളുടെ വളർച്ച, Generation Z, Generation Alpha എന്നിവർക്ക് അനുസൃതമായ ശുശ്രൂഷാ പരിശീലനം എന്നിവയിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

സെനറ്റ് ഓഫ് സെറാംപൂരിൽ നിന്ന് ബാച്ചിലർ ഓഫ് തിയോളജിയും, ഫിലിപ്പൈൻസിലെ മനിലയിലുള്ള ഏഷ്യൻ സെമിനാരി ഓഫ് ക്രിസ്ത്യൻ മിനിസ്ട്രീസിൽ നിന്ന് തിയോളജിയിൽ മാസ്റ്റർ ബിരുദവും നേടിയ പാസ്റ്റർ സി സി തോമസ് ഇന്ത്യയിലും അമേരിക്കയിലുമായി പാസ്റ്ററായും, അധ്യാപകനായും, അഡ്മിനിസ്ട്രേറ്ററായും മിഷൻ നേതാവായും വിവിധ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിട്ടുണ്ട്.

## ഭൂമി വറ്റിവരളും!' മുന്നറിയിപ്പുമായി യുഎൻ!



**ജനീവ •** ആഗോള കാലാവസ്ഥയെ തകിടം മറിച്ച് ഭൂമിയെ കടുത്ത വരൾച്ചയിലേക്കും ചൂടിലേക്കും തള്ളിവിട്ട് 'എൽ നിനോ' (El Nino) പ്രതിഭാസം അതിശക്തമാകുന്നു. നിലവിലെ താപനിലയും കാലാവസ്ഥാ വ്യതിയാനങ്ങളും മുൻനിർത്തി, കഴിഞ്ഞ 1000 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന എൽ നിനോ പ്രതിഭാസത്തിനാണ് ലോകം സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് ഐക്യരാഷ്ട്രസഭയുടെ (UN) കാലാവസ്ഥാ ഏജൻസിയായ ലോക കാലാവസ്ഥാ സംഘടന (WMO) മുന്നറിയിപ്പ് നൽകി. വരും മാസങ്ങളിൽ ലോകമെമ്പാടും താപനില സർവ്വകാല റെക്കോഡുകൾ ഭേദിക്കുമെന്നാണ് റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. പസഫിക് സമുദ്രത്തിലെ ജലത്തിന്റെ ഉപരിതല താപനില അസാധാരണമായി ഉയരുന്നതാണ് എൽ നിനോയ്ക്ക് കാരണമാകുന്നത്. ഈ വർഷം അവസാനത്തോടെ ഇത് അതിന്റെ പരമാവധി ശക്തി പ്രാപിക്കുകയും അടുത്ത വർഷം ആദ്യ മാസങ്ങൾ വരെ നീണ്ടുനിൽക്കുകയും ചെയ്യും. ആഗോളതാപനം മൂലം സമീപ ദശകങ്ങളിൽ എൽ നിനോയുടെ തീവ്രത 40 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇത് പല രാജ്യങ്ങളിലും അതിരൂക്ഷമായ വരൾച്ചയ്ക്കും, ചില മേഖലകളിൽ അപ്രതീക്ഷിത പ്രളയത്തിനും കാട്ടുതീക്കും കാരണമാകും.

## ബിഷപ്പായി റവ. അലക്സ് ജേക്കബ് ചുമതലയേറ്റു



**ബീഹാർ •** റവ. അലക്സ് ജേക്കബ് ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി, തിരുവല്ല, ന്യൂ ഇന്ത്യ ബൈബിൾ സെമിനാരി, പായിപ്പാട്, ബാംഗ്ലൂർ , ആക്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി എന്നിവിടങ്ങളിൽ വേദപഠനം നടത്തി.

നെടുമ്പ്രം, ചെങ്ങന്നൂർ, മുണ്ടിയപ്പള്ളി എന്നിവിടങ്ങളിൽ സഭാ ശുശ്രൂഷ നിർവ്വഹിച്ചു. തിരുവല്ല, ശാരോൺ ബൈബിൾ കോളേജ്, പുല്ലാട് ഇന്ത്യ ക്രിസ്ത്യൻ തിയോളജിക്കൽ കോളേജ് , ഷാർജ ഗിൽഗാൽ ബൈബിൾ കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി പ്രവർത്തിച്ചു. ചർച്ച് ഓഫ് ഗോഡ് യുഎഇ റീജിയൻ സൺഡേ സ്കൂൾ & യൂത്ത് പ്രസിഡന്റ്, ഗോസ്പൽ ഫോർ ഏഷ്യാ സർക്കുലേഷൻ മാനേജർ എന്നീ ചുമതല വഹിച്ചിട്ടുണ്ട്.

2010 മുതൽ ബിഹാറിൽ മിഷനറിയായി പ്രവർത്തിക്കുന്നു. 2018 മുതൽ ചർച്ച് ഓഫ് ഗോഡ് സെൻട്രൽ ഈസ്റ്റേൺ റീജിയൺ ഓവർസീയർ പാസ്റ്റർ ബെന്നി ജോണിന്റെ കീഴിൽ റീജിയനുമായി ചേർന്ന് പ്രവർത്തിച്ചു.

ഇന്ന് നിരവധി സഭകളും മിഷനറിമാരും ഉണ്ട്. ഇതോടെ സ്കൂൾ, ടെയ്‌ലറിങ് സെന്റർ, വിധവാ സെന്റർ, ബൈബിൾ ട്രെയിനിങ് സെൻറർ, ഡിസേബിൽഡ് കെയർ സെൻറർ, ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളും ഉണ്ട്. ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യൻ റീജിയണൽ സൂപ്രണ്ട് റവ. ഡോ സി സി തോമസ് ഇൻസ്റ്റലേഷൻ സർവീസിന് (പ്രതിഷ്ഠാപനം) നേതൃത്വം നൽകി.

## സാത്താൻ സേവയ്ക്ക് നിരോധനം

**റഷ്യ •**റഷ്യയിൽ സാത്താൻ സേവയ്ക്കും അതിന്റെ പ്രചാരണത്തിനും കടുത്ത നിരോധനമേർപ്പെടുത്തി സർക്കാർ ഉത്തരവിട്ടു. സാത്താനിസം പരസ്യമായി പ്രചരിപ്പിക്കുന്നത് കുറ്റകൃത്യമായി പ്രഖ്യാപിച്ച പുതിയ നിയമപ്രകാരം, ലംഘിക്കുന്നവർക്ക് 8 വർഷം വരെ തടവുശിക്ഷ ലഭിക്കും.

2026 മേയ് അവസാനത്തോടെ പാസാക്കിയ ഈ പുതിയ നിയമ നിർമ്മാണം അനുസരിച്ച് സാത്താനിസത്തിന്റെ പ്രചാരണം അല്ലെങ്കിൽ പരസ്യമായ പിന്തുണ എന്നിവയെ 'തീവ്രവാദ പ്രവർത്തനമായി' (Extremist activity) കണക്കാക്കും. വ്യക്തിപരമായ വിശ്വാസങ്ങളെ നിയമം പൂർണ്ണമായി നിരോധിക്കുന്നില്ലെങ്കിലും, സാത്താനിസവുമായി ബന്ധപ്പെട്ട പരസ്യമായ ചടങ്ങുകൾ, പുസ്തകങ്ങൾ, സംഘടിത പരിപാടികൾ, പ്രചാരണങ്ങൾ എന്നിവയ്ക്ക് കടുത്ത ശിക്ഷ ലഭിക്കും. റഷ്യൻ ഓർത്തഡോക്സ് സഭയുടെ ശക്തമായ പിന്തുണയോടെയാണ് ഈ ബില്ല് നടപ്പിലാക്കിയത്. രാജ്യത്തിന്റെ പാരമ്പര്യവും ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് ഈ കടുത്ത നടപടി

## സഞ്ചരിക്കുന്ന ആരാധനാലയം



**മെക്സിക്കോ •** ദൈവാലയ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലെ വിശ്വാസികൾക്ക് ദിവ്യകാരുണ്യ ആരാധനയ്ക്കും കുമ്പസാരത്തിനും അവസരമൊരുക്കാൻ വ്യത്യസ്തമായ പദ്ധതിയുമായി മെക്സിക്കോയിലെ മൊണ്ടെരെ അതിരൂപത. പ്രത്യേകമായി രൂപാന്തരപ്പെടുത്തിയ യാത്രാവാഹനത്തിൽ ഒരുക്കിയ 'ചാപ്പൽ ഓൺ വീൽസ്' അഥവാ സഞ്ചരിക്കുന്ന ആരാധനാ ചാപ്പലാണ് അതിരൂപത ആരംഭിച്ചിരിക്കുന്നത്.

ദൈവാലയത്തിലേക്ക് വിശ്വാസികൾ എത്തുന്നതിനായി കാത്തിരിക്കാതെ, ദിവ്യകാരുണ്യ സാന്നിധ്യം ജനങ്ങളുടെ അടുത്തേക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ദേവാലയ സൗകര്യമില്ലാത്ത പ്രദേശങ്ങളിലും ദിവ്യകാരുണ്യ ആരാധന പ്രോത്സാഹിപ്പിക്കണമെന്ന ആശയത്തിൽ നിന്നാണ് പദ്ധതിക്ക് തുടക്കമായതെന്ന് ഇതിന്റെ ചുമതലയുള്ള ഫാ. അഡ്രിയാൻ വില്ലാഗ്രാൻ ഗെവേറോ വ്യക്തമാക്കി. 18 പേർക്ക് സഞ്ചരിക്കാവുന്ന പാസഞ്ചർ വാനാണ് ഇതിനായി പ്രത്യേകമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നത്. വാഹനം പ്രധാനമായും മൂന്ന് ഭാഗങ്ങളായാണ് ക്രമീകരിച്ചിരിക്കുന്നത്. പിൻഭാഗത്ത് ദിവ്യകാരുണ്യ സാന്നിധ്യത്തിൽ ഒരേസമയം നാലുപേർക്ക് പ്രാർത്ഥിക്കാൻ കഴിയുന്ന ചെറിയ ആരാധനാമുറിയുണ്ട്. മധ്യഭാഗത്ത് സ്വകാര്യമായി കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും മുൻഭാഗത്ത് ഡ്രൈവർ സീറ്റുമാണ് ഒരുക്കിയിരിക്കുന്നത്. ദൈവാലയങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങൾക്കു പുറമേ ആശുപത്രികൾ, ദുരന്തബാധിത മേഖലകൾ, സുവിശേഷീകരണ പരിപാടികൾ, ധ്യാനങ്ങൾ തുടങ്ങിയ വിവിധ സാഹചര്യങ്ങളിലും ഈ മൊബൈൽ ചാപ്പലിന്റെ സേവനം പ്രയോജനപ്പെടുത്താനാണ് പദ്ധതി.

'ജനങ്ങൾ ദൈവാലയത്തിലേക്ക് എത്തുന്നതു മാത്രം കാത്തിരിക്കാതെ, ദൈവാലയം ജനങ്ങളിലേക്ക് എത്തുന്നു' എന്ന ആശയമാണ് ഈ പദ്ധതിയിലൂടെ മൊണ്ടെരെ അതിരൂപത പ്രാവർത്തികമാക്കുന്നത്. വിശ്വാസികളിൽ നിന്നും മികച്ച പ്രതികരണമാണ് ഈ വ്യത്യസ്തമായ സുവിശേഷീകരണ സംരംഭത്തിന് ലഭിക്കുന്നത്.

## നിത്യതയിൽ



**പെരുമ്പെട്ടി •** പ്രശസ്ത കൺവെൻഷൻ പ്രഭാഷകനും, WME സഭകളുടെ ജനറൽ പ്രസിഡന്റുമായ കർത്തൃദാസൻ പാസ്റ്റർ ഡോ. ഒ എം രാജുക്കുട്ടിയുടെ പിതാവും WME സഭാംഗവുമായ പെരുമ്പെട്ടി അത്യാൽ കൊല്ലറേത്ത് ശ്രീ കെ ജെ മാർക്കോസ് (99 വയസ്സ്) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പരേതനായ പാസ്റ്റർ സി എസ് മാത്യുവിന്റെ മകളുടെ ഭർത്താവാണ് പാസ്റ്റർ ഓ എം രാജുക്കുട്ടി.



**കോയമ്പത്തൂർ •**പ്രശസ്ത ക്രൈസ്തവ സംഗീതജ്ഞൻ പരേതനായ ജെ. വി. പീറ്റർ അച്ചായന്റെ മകൻ സാങ്കി പീറ്റർ നിത്യതയിൽ ചേർക്കപ്പെട്ടു. സ്ട്രോക്കിനെ തുടർന്ന് ഗുരുതരാവസ്ഥയിൽ കോയമ്പത്തൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം.



# When Faith Feels Weak: Thomas's Story and Ours



A WORD FROM
THE PRESIDENT
**BRO. DANIEL EASO**

*On the evening of that first day of the week, when the disciples were together, with the doors locked for fear of the Jewish leaders, Jesus came and stood among them and said, "Peace be with you!" After he said this, he showed them his hands and side. The disciples were overjoyed when they saw the Lord. Again, Jesus said, "Peace be with you! As the Father has sent me, I am sending you." And with that, he breathed on them and said, "Receive the Holy Spirit. If you forgive anyone's sins, their sins are forgiven; if you do not forgive them, they are not forgiven." Now Thomas (also known as Didymus), one of the Twelve, was not with the disciples when Jesus came. So the other disciples told him, "We have seen the Lord!" But he said to them, "Unless I see the nail marks in his hands and put my finger where the nails were, and put my hand into his side, I will not believe." A week later, his disciples were in the house again, and Thomas was with them. Though the doors were locked, Jesus came and stood among them and said, "Peace be with you!" Then he said to Thomas, "Put your finger here; see my hands. Reach out your hand and put it into my side. Stop doubting and believe." Thomas said to him, "My Lord and my God!" Then Jesus told him, "Because you have seen me, you have believed; blessed are those who have not seen and yet have believed." Jesus performed many other signs in the presence of his disciples, which are not recorded in this book. But these are written that you may believe that Jesus is the Messiah, the Son of God, and that by believing you may have life in his name. (John 20:19-31).*

In this text, we read about Jesus appearing to His disciples, and about the disciple Thomas as not believing what the others saw. Because of his doubt, he gets the very famous title of Doubting Thomas. It's not fair to single out Thomas because, in Luke 24:10-12, we see that the other ten disciples also didn't believe when they heard the news of Jesus' resurrection from Mary Magdalene and other women. All of them doubted to a degree; not one of them believed the verbal testimony of the women who'd just seen the tomb. Scripture says it sounded like nonsense to them. These are the same guys who sat around the table with Jesus not a few days before; these are the same guys who had heard Jesus talk about His death and resurrection again and again. These are the same guys who had been with Jesus from the beginning of His earthly ministry. And they didn't believe the news? I gather that if the disciples themselves struggle with doubt, then you and I are bound to deal with doubt, especially since it's been over nineteen hundred years since Jesus physically walked on earth. I firmly believe that Jesus lives today, and for those who've accepted Him, He has a place in our hearts, but that doesn't mean we don't have doubts. Every one of us has doubts. First, we must be willing to be honest about where we are in our faith, where we struggle, where we wrestle with God. But unfortunately, instead of having honest discussions about doubt in our church groups, we've believed that doubt may be a sign of weakness. To admit that we doubt in some areas of our faith might show the larger world that the church isn't as strong as it seems. The belief is that if we doubt anything about God, the Bible, or the church, then we might not be very strong at all. But here is the truth: we all doubt at some point. We doubt the big things about God; we doubt the little things about God; we doubt things about the church; we doubt things about our own faith; we all have doubt at some point. We see world events, and we doubt His goodness. We see natural disasters, and we doubt that He cares. We see earthquakes, hurricanes, volcanoes, tornadoes, and awful things-lives ripped apart-and we doubt if He cares. Then we look at our current political landscape, and we wonder if there is a God at all. Maybe you've been praying about something-maybe it's a job, maybe it's a relationship, maybe it's a person in your family, maybe it's a big purchase you have, maybe it's a big decision you're coming up with. When the outcome doesn't go our way, when it's not what we hope for, don't we, as human beings, just for a second say- God, where were you on that one? What were you doing there? God, I don't understand. And if these moments start to pile up one after another, we start to question whether God is really for us and not against us.

Doubt is one of Satan's best plays, and it starts at the very beginning. In Genesis 3:1-7, it says this: The serpent was craftier than any of the wild animals the Lord God had made. One day he asked the woman, "Did God really say, 'You must not eat from any tree in the garden'?" The woman said to the serpent, "Of course, we may eat fruit from the trees in the garden, but God did say, 'You must not eat fruit from the tree that is in the middle of the garden, and you must not touch it, or you will die.'" But the serpent moved on, "You will not certainly die," the serpent said to the woman. "For God knows that when you eat from it your eyes will be opened, and you will be like God, knowing good and evil." The woman was convinced. When she saw that the fruit of the tree was good for food and pleasing to the eye, and also desirable for gaining wisdom, she took some and ate it. She also gave some to her husband, who was with her, and he ate it. Then the eyes of both of them were opened, and they realized they were naked; so they sewed fig leaves together and made coverings for themselves. The woman was convinced. It took one question, one response, and that's all it took for Satan to begin his run of deception and doubt. And it continued even with the major characters of Scripture; we read about Abraham and Sarah doubting that they would have a son, even though God had made His promise to them. We read about Moses doubting his ability, even as God had called him to speak. God told him that God Himself would give him the words to speak to Pharaoh, but Moses still doubted. And even King David had his doubts; in Psalm 13 he says, "How long, Lord? Will you forget me forever?" We see that some of the most faithful in Scripture struggled with doubt, and this doubt comes from the greatest deceiver history has ever known.

Satan doesn't want to see God's people confident, and he doesn't want us to see God's plan for us. Satan wants us focused on our doubts rather than on the person and work of Jesus. Professor Allister McGrath said, "Think through what will happen if Satan can manage to get you obsessed with your doubts. You'll start becoming introverted, as you become preoccupied with your doubts. You'll look inwards, at yourself and your state of mind. And you will stop looking outwards, away from yourself and toward the promises of God, confirmed and sealed through the death and resurrection of Christ. The more you worry about your doubts, the less you will look to God. Gradually, those vital links with the life-giving grace of God will wither - and your spiritual life will wither and shrivel. Doubt will become unbelief - because you allowed it to. Feed your doubts and your faith will starve - but feed your faith, and your doubts will starve." When we look inward toward our brokenness, our faults, our shortcomings, we begin to despair. We begin to think that there is no hope; we start to think that God couldn't possibly deliver us from the hurt or struggle that we are currently facing, and that's exactly where Satan wants you to be - looking at the current situation with absolutely no hope.

But it gives me great pleasure to let you know that the tomb is empty, the stone has been rolled away, death has been defeated, and Jesus has risen. Because of this, doubt doesn't have to define us. Thomas didn't go to his grave as doubting Thomas; everyone knew him as doubting Thomas, but in this text he encountered Jesus, and it changed his life. So this leads us to ask: what do we do with the doubts we have? First, we must recognize where and from whom doubt comes; we know it's not from God. We must be honest and take a hard look at where we doubt God and His work. Doubt must be met head-on. If we are going to meet doubt head-on, how do we do it? First, we pray—that's the way to communicate with our God in heaven. Second, we find a close friend, someone you trust, to share what is going on in your head. God doesn't want us to do this alone, so we need to confide in someone about our doubts. My prayer is that this trusted friend knows a few of God's promises and can remind you of His goodness, His mercy, and His grace. By remembering them, we can move forward. But how do we move forward? We move forward through prayer, honesty about our doubts, and trust in God's promises. The Bible verses above show us that Thomas moved forward after an encounter with Jesus. An encounter with Jesus is the best way to remedy doubt. Maybe your encounter with Jesus is through prayer, maybe it's through reading the Bible, maybe it's through serving the community, or maybe it's serving around the world. But the best way to combat doubt is to seek the truth, and the truth is wrapped up in the life, the death, and the resurrection of Jesus Christ. The truth is that Jesus died for your sins; the truth is that death has no more sting; the truth is that He has risen, and the grave is no more. The truth is that because of this, we can stand before God redeemed, washed in the blood of Jesus, ready to worship at the feet of God. An encounter with the risen God changes everything. The fact that the tomb is empty changes everything; the fact that death is defeated changes everything; the fact that your sins are forgiven changes everything; the fact that Jesus is alive and reigns today changes everything. Everything about your vision, everything about your perspective, your focus, your habits, everything changes when we have an encounter with the risen Savior. It changes the trajectory of your life. God is big enough to handle our toughest questions and our deepest doubts. My prayer is that doubt doesn't define you today and that when you ask Jesus to come, you walk away saying the same thing Thomas did-my Lord and my God!



# പ്രാർത്ഥന അടഞ്ഞ വാതിലുകളുടെ താക്കോൽ

പീരുമേട് ക്ലീറ്റസ്

എത്ര വലിയതും ശക്തവും ഉറപ്പുള്ളതുമായ വാതിലായാലും, അത് തുറക്കുന്നത് പലപ്പോഴും വളരെ ചെറിയ ഒരു താക്കോൽ ഉപയോഗിച്ചാണ്. വാതിലിന്റെ വലിപ്പവും ഭാരവും അതിന്റെ ശക്തിയും നോക്കിയാൽ, അതിനെ തുറക്കാൻ വലിയ ശക്തി ആവശ്യമാണെന്ന് നമുക്ക് തോന്നാം. എന്നാൽ ശരിയായ താക്കോൽ കൈയിലുണ്ടെങ്കിൽ, വലിയ ശക്തി പ്രയോഗിക്കാതെ തന്നെ ആ വാതിൽ തുറക്കാൻ കഴിയും. ഈ ചെറിയ ഉദാഹരണം നമ്മുടെ ആത്മീയ ജീവിതത്തിലും വളരെ വലിയ ഒരു സത്യത്തെ വെളിപ്പെടുത്തുന്നു.

നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങൾ എത്ര വലുതായാലും, സാഹചര്യങ്ങൾ എത്ര സങ്കീർണ്ണമായാലും, മനുഷ്യശക്തിക്ക് അതീതമായ സാഹചര്യങ്ങൾ എത്രയുണ്ടായാലും, പ്രാർത്ഥനയിലൂടെ നാം സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ എത്തുന്നു. പ്രാർത്ഥനയുടെ ശക്തി പ്രാർത്ഥിക്കുന്ന മനുഷ്യന്റെ കഴിവിലല്ല. പ്രാർത്ഥന കേൾക്കുന്ന ദൈവത്തിന്റെ ശക്തിയിലാണ്.

അതുകൊണ്ടുതന്നെ യേശു പറഞ്ഞു: ചോദിപ്പിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും.' മത്തായി 7:7 ഈ വചനം തനിച്ച് വായിക്കുമ്പോൾ ഒരു മനോഹരമായ വാഗ്ദാനമായി തോന്നാം. എന്നാൽ യേശു ഇത് പറഞ്ഞ സാഹചര്യത്തെ മനസ്സിലാക്കുമ്പോൾ അതിന്റെ ആഴം കൂടുതൽ വ്യക്തമാകും.

**1. ""മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും"" മത്തായി 7:7**

മത്തായി 7–ാം അധ്യായം യേശുവിന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിന്റെ അവസാന ഭാഗങ്ങളിലൊന്നാണ്. മത്തായി 5 മുതൽ 7 വരെ യേശു തന്റെ ശിഷ്യന്മാരെയും ജനക്കൂട്ടത്തെയും ദൈവരാജ്യത്തിന്റെ ജീവിതരീതിയെക്കുറിച്ച് പഠിപ്പിക്കുന്നു. മനുഷ്യന്റെ പുറമേയുള്ള മതജീവിതത്തേക്കാൾ ഹൃദയത്തിന്റെ വിശുദ്ധി, ദൈവത്തിലുള്ള ആശ്രയം, മറ്റുള്ളവരോടുള്ള ശരിയായ ബന്ധം, സ്വർഗീയ പിതാവിലുള്ള വിശ്വാസം എന്നിവയാണ് യേശു പഠിപ്പിക്കുന്നത്. ഇത്തരം ഒരു സന്ദർഭത്തിലാണ് യേശു പറയുന്നത്: ''ചോദിപ്പിൻ... അന്വേഷിപ്പിൻ... മുട്ടുവിൻ...''

ഇവിടെ ശ്രദ്ധിക്കേണ്ടത്, യേശു വെറും ''ചോദിക്കുക'' എന്നു മാത്രം പറഞ്ഞില്ല എന്നതാണ്. ചോദിക്കുക ദൈവത്തോട് നമ്മുടെ ആവശ്യം അറിയിക്കുക. അന്വേഷിക്കുക ദൈവത്തിന്റെ ഇഷ്ടം അന്വേഷിച്ച് മുന്നോട്ട് പോകുക. മുട്ടുക ഉത്തരം വൈകിയാലും പിന്മാറാതെ തുടരുക.

വാതിലിൽ മുട്ടുന്നത് ഒരു തവണ മാത്രം മുട്ടി പോകുന്നതല്ല. വാതിൽ തുറക്കുന്നതുവരെ കാത്തിരിക്കുന്ന മനോഭാവമാണ് അതിലുള്ളത്. അതുകൊണ്ട് മത്തായി 7:7 നമ്മോട് പറയുന്നത്: പ്രാർത്ഥനയിൽ സ്ഥിരതയോടെ ദൈവത്തെ സമീപിക്കുക. നമ്മുടെ ജീവിതത്തിൽ ചില വാതിലുകൾ ഉടൻ തുറക്കും. ചിലത് വൈകിയേ തുറക്കൂ. ചില വാതിലുകൾ ദൈവം തുറക്കുകയില്ല. എന്നാൽ ഓരോ സാഹചര്യത്തിലും ദൈവത്തിന്റെ മുമ്പിൽ മുട്ടിക്കൊണ്ടിരിക്കുക എന്നതാണ് വിശ്വാസിയുടെ ഉത്തരവാദിത്വം.

**2. പത്രോസിന്റെ ജയിൽ പ്രാർത്ഥന യഥാർത്ഥത്തിൽ ഒരു വാതിൽ തുറന്ന സംഭവം**

പ്രാർത്ഥന അടഞ്ഞ വാതിലുകൾ തുറക്കുന്ന താക്കോലാണെന്ന് പറയുമ്പോൾ ഏറ്റവും ശക്തമായ ബൈബിൾ ഉദാഹരണങ്ങളിലൊന്നാണ് പ്രവൃത്തികൾ 12–ാം അധ്യായത്തിലെ പത്രോസിന്റെ സംഭവം. ഇവിടെ സംഭവിക്കുന്നത് എന്താണ്?

ആ കാലത്ത് സഭയ്ക്ക് ശക്തമായ പീഡനം നേരിടുകയായിരുന്നു. ഹെരോദാരാജാവ് സഭയിലെ ചിലരെ ഉപദ്രവിക്കാൻ തുടങ്ങി. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാളുകൊണ്ട് കൊല്ലുകയും ചെയ്തു. യാക്കോബിന്റെ മരണത്തിൽ യഹൂദന്മാർ സന്തോഷിക്കുന്നതായി കണ്ടപ്പോൾ ഹെരോദാവ് പത്രോസിനെയും പിടികൂടി ജയിലിലടച്ചു. പത്രോസ് സാധാരണ ഒരു തടവുകാരനായിരുന്നില്ല. അവൻ യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായിരുന്നു. സഭയുടെ പ്രധാന നേതാക്കളിൽ ഒരാളായിരുന്നു. എന്നാൽ ഇപ്പോൾ അവൻ ചങ്ങലകളിൽ ബന്ധിക്കപ്പെട്ട് ജയിലിൽ കിടക്കുകയാണ്. അവനെ രക്ഷിക്കാൻ സഭയ്ക്ക് സൈന്യമില്ലായിരുന്നു.

രാജാവിനെ നേരിടാൻ രാഷ്ട്രീയ ശക്തിയില്ലായിരുന്നു. ജയിലിന്റെ വാതിൽ തകർക്കാനുള്ള മനുഷ്യശക്തിയുമില്ലായിരുന്നു. എന്നാൽ സഭയ്ക്ക് ഒരു ശക്തിയുണ്ടായിരുന്നു പ്രാർത്ഥന. പ്രവൃത്തികൾ 12:5 വളരെ ശ്രദ്ധേയമായ ഒരു വാക്യമാണ്: ''പത്രോസിനെ തടവിൽ സൂക്ഷിച്ചു; സഭയോ അവന്നുവേണ്ടി ദൈവത്തോടു ജാഗ്രതയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.'' ഇവിടെ രണ്ടു കാര്യങ്ങൾ ഒരേ സമയം നടക്കുന്നു. ഒരുവശത്ത് പത്രോസ് ജയിലിൽ അടഞ്ഞുകിടക്കുന്നു.

മറ്റുവശത്ത് സഭ പ്രാർത്ഥനയിൽ മുട്ടിക്കൊണ്ടിരിക്കുന്നു. അവസാനം എന്തു സംഭവിച്ചു? രാത്രിയിൽ ദൈവത്തിന്റെ ദൂതൻ പത്രോസിന്റെ അടുക്കൽ വന്നു. അവന്റെ ചങ്ങലകൾ അഴിഞ്ഞു. ദൂതൻ അവനെ പുറത്തേക്ക് നയിച്ചു. പത്രോസ് ജയിലിന്റെ വാതിൽക്കൽ എത്തി. അപ്പോൾ അവൻ കണ്ടത് അതിശയകരമായ ഒരു കാര്യമാണ്: ''അവർ പട്ടണത്തിലേക്കു പോകുന്ന ഇരുമ്പുവാതിൽക്കൽ എത്തിയപ്പോൾ അത് അവർക്കായി താനേ തുറന്നു.''

പ്രവൃത്തികൾ 12:10. ശ്രദ്ധിക്കുക: സഭയുടെ പ്രാർത്ഥന നടക്കുമ്പോൾ, ജയിലിന്റെ വാതിൽ ദൈവം തുറന്നു. ഇത് വെറും ഒരു വാതിൽ തുറന്ന സംഭവമല്ല.

ഇത് പ്രാർത്ഥിക്കുന്ന സഭയ്ക്ക് ദൈവം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ ജീവിക്കുന്ന സാക്ഷ്യമാണ്. മനുഷ്യർ പത്രോസിനെ ജയിലിൽ അടച്ചു. ഹെരോദാവ് അവനെ കാവലിൽ നിർത്തി. സൈനികർ അവനെ കാത്തു. എന്നാൽ ദൈവത്തിന് ആ വാതിൽ ഒരു തടസ്സമായിരുന്നില്ല. ഇവിടെ നമുക്ക് ഒരു വലിയ ആത്മീയ സത്യം പഠിക്കാം: മനുഷ്യർ അടച്ച വാതിലിന് ദൈവം താക്കോൽ കണ്ടെത്തേണ്ടതില്ല; ദൈവം തന്നെയാണ് താക്കോലിന്റെ ഉടമ.

**3. പൗലൊസും ശീലാസും വേദനയുടെ നടുവിലെ പ്രാർത്ഥന**

പ്രവൃത്തികൾ 16–ാം അധ്യായം മറ്റൊരു ശക്തമായ ഉദാഹരണം നൽകുന്നു.

പൗലൊസും ശീലാസും സുവിശേഷം പ്രസംഗിച്ചതിന്റെ പേരിൽ ഫിലിപ്പിയിൽ പിടിക്കപ്പെട്ടു. ജനക്കൂട്ടം അവരുടെ നേരെ തിരിഞ്ഞു. അധികാരികൾ അവരെ അടിപ്പിച്ചു. അവരുടെ വസ്ത്രങ്ങൾ അഴിച്ചുകളഞ്ഞു. അനേകം അടികൾ കൊടുത്തശേഷം അവരെ ജയിലിലടച്ചു. അവരെ സാധാരണ ജയിലിൽ വെച്ചില്ല. അകത്തെ തടവറയിൽ ആക്കി. കാലുകൾ മരക്കട്ടയിൽ ബന്ധിക്കുകയും ചെയ്തു.

ഇത്തരം സാഹചര്യത്തിൽ ഒരു മനുഷ്യൻ എന്താണ് ചെയ്യുക? ''ദൈവമേ, എന്തുകൊണ്ട്?'' എന്ന് ചോദിച്ചേക്കാം. ഞങ്ങൾ നിനക്കുവേണ്ടി പ്രവർത്തിച്ചിട്ടും എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്?'' എന്ന് വിലപിച്ചേക്കാം. എന്നാൽ അർദ്ധരാത്രിയിൽ പൗലൊസും ശീലാസും ചെയ്തത് മറ്റൊന്നായിരുന്നു. അർദ്ധരാത്രിയിൽ പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ സ്തുതിച്ചു.''

പ്രവൃത്തികൾ 16:25/ ഇവിടെ ശ്രദ്ധിക്കേണ്ടത് സാഹചര്യം മാറിയതിന് ശേഷമല്ല അവർ പ്രാർത്ഥിച്ചത്. ജയിൽ തുറന്നതിന് ശേഷമല്ല അവർ സ്തുതിച്ചത്. അടികൾ നിർത്തിയതിന് ശേഷമല്ല അവർ ദൈവത്തെ ആരാധിച്ചത്. വാതിൽ അടഞ്ഞുകിടക്കുമ്പോഴാണ് അവർ പ്രാർത്ഥിച്ചത്. അപ്പോഴാണ് അത്ഭുതം സംഭവിക്കുന്നത്. ''പെട്ടെന്നു വലിയൊരു ഭൂകമ്പം ഉണ്ടായി; അതിനാൽ തടവറയുടെ അടിസ്ഥാനം കുലുങ്ങി; ഉടനെ വാതിലുകൾ എല്ലാം തുറന്നു, എല്ലാവരുടെയും ചങ്ങലകൾ അഴിഞ്ഞുപോയി.'' പ്രവൃത്തികൾ 16:26. എത്ര മനോഹരമായ ഒരു ചിത്രം! തടവറയുടെ വാതിൽ അടഞ്ഞിരുന്നു പ്രാർത്ഥന ഉയർന്നു ദൈവം ഇടപെട്ടു വാതിലുകൾ തുറന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പൗലൊസും ശീലാസും പ്രാർത്ഥിച്ചത് അവരുടെ മോചനത്തിനായി മാത്രമായിരുന്നില്ല. അവരുടെ പ്രാർത്ഥനയും സ്തുതിയും കേട്ടുകൊണ്ടിരുന്ന മറ്റു തടവുകാരും ഉണ്ടായിരുന്നു. തുടർന്ന് ജയിൽക്കാരനും അവന്റെ കുടുംബവും സുവിശേഷം സ്വീകരിക്കുന്ന സംഭവവും നടക്കുന്നു. അതിനാൽ ചിലപ്പോൾ നമ്മുടെ അടഞ്ഞ വാതിൽ നമ്മുടെ മാത്രം അനുഗ്രഹത്തിനുള്ള അവസരമല്ല; മറ്റൊരാളുടെ രക്ഷയ്ക്കും അനുഗ്രഹത്തിനും വഴിയാകാം. നമ്മുടെ വേദനയിലൂടെ പോലും ദൈവം തന്റെ ഉദ്ദേശ്യം നിറവേറ്റാൻ കഴിയും.

**4. പത്രോസിന്റെ ചെറിയ പ്രാർത്ഥന മത്തായി 14:30**

മത്തായി 14–ാം അധ്യായത്തിൽ മറ്റൊരു ശ്രദ്ധേയമായ സംഭവം കാണാം. യേശു കടലിന്മേൽ നടന്ന് ശിഷ്യന്മാരുടെ അടുക്കൽ വരുന്നു. പത്രോസ് യേശുവിനെ കണ്ടപ്പോൾ, ''കർത്താവേ, നീ തന്നെയെങ്കിൽ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരുവാൻ എന്നോട് കല്പിക്കണമേ'' എന്നു പറയുന്നു. യേശു ''വരിക'' എന്നു പറഞ്ഞു.

പത്രോസ് വള്ളത്തിൽനിന്ന് ഇറങ്ങി വെള്ളത്തിന്മേൽ നടക്കാൻ തുടങ്ങി. എന്നാൽ കാറ്റ് ശക്തമാണെന്ന് കണ്ടപ്പോൾ അവൻ ഭയപ്പെട്ടു. അവൻ മുങ്ങിത്തുടങ്ങി. ആ സമയത്ത് പത്രോസ് നടത്തിയ പ്രാർത്ഥന വളരെ ചെറുതായിരുന്നു: ''കർത്താവേ, എന്നെ രക്ഷിക്കണമേ!'' മത്തായി 14:30. അത് നീണ്ട പ്രാർത്ഥനയായിരുന്നില്ല. വലിയ പ്രസംഗമായിരുന്നില്ല. വളരെ മനോഹരമായ വാക്കുകളുമുണ്ടായിരുന്നില്ല.

എന്നാൽ അത് അടിയന്തരമായ വിശ്വാസത്തിന്റെ നിലവിളിയായിരുന്നു. യേശു ഉടൻ കൈ നീട്ടി അവനെ പിടിച്ചു. ഇതിൽനിന്ന് നമുക്ക് ഒരു വലിയ പാഠമുണ്ട്: ദൈവം നമ്മുടെ പ്രാർത്ഥനയുടെ നീളം നോക്കുന്നില്ല; ഹൃദയത്തിന്റെ വിശ്വാസമാണ് നോക്കുന്നത്. ചിലപ്പോൾ ജീവിതത്തിലെ ഏറ്റവും ശക്തമായ പ്രാർത്ഥന ഒരു വാക്യം മാത്രമായിരിക്കും: കർത്താവേ, സഹായിക്കണമേ.' കർത്താവേ, എന്നെ രക്ഷിക്കണമേ.' കർത്താവേ, എന്റെ കുടുംബത്തെ കാത്തുകൊള്ളണമേ.' കർത്താവേ, വഴി കാണിക്കണമേ.''

ദൈവത്തിന് വലിയ വാക്കുകൾ ആവശ്യമില്ല. സത്യമായ ഹൃദയമാണ് ആവശ്യം.

**5. മടുത്തുപോകാതെ പ്രാർത്ഥിക്കണം"" ലൂക്കോസ് 18:1**

പ്രാർത്ഥനയെക്കുറിച്ച് യേശു പഠിപ്പിച്ച മറ്റൊരു പ്രധാന സത്യം ലൂക്കോസ് 18:1–ലാണ്.

യേശു ഒരു വിധവയെയും അനീതിയുള്ള ന്യായാധിപനെയും കുറിച്ചുള്ള ഉപമ പറയുന്നു. ആ വിധവയ്ക്ക് തന്റെ പ്രശ്നത്തിന് നീതി ലഭിക്കണമെന്നായിരുന്നു ആവശ്യം. അവൾ വീണ്ടും വീണ്ടും ന്യായാധിപന്റെ അടുക്കൽ ചെന്നു. ആ ന്യായാധിപൻ ദൈവത്തെ ഭയപ്പെടാത്തവനും മനുഷ്യരെ മാനിക്കാത്തവനുമായിരുന്നു. എങ്കിലും വിധവയുടെ നിരന്തരമായ അപേക്ഷ കാരണം അവൻ അവൾക്ക് നീതി ലഭ്യമാക്കി. ഈ ഉപമയുടെ തുടക്കത്തിൽ തന്നെ ലൂക്കോസ് പറയുന്ന ലക്ഷ്യം വളരെ വ്യക്തമാണ്: ''എപ്പോഴും പ്രാർത്ഥിക്കയും മടുത്തുപോകാതിരിക്കയും വേണം.'' ഇവിടെ യേശു പഠിപ്പിക്കുന്നത് ദൈവം ആ ന്യായാധിപനെപ്പോലെയാണെന്നല്ല. മറിച്ച്, അനീതിയുള്ള ഒരു മനുഷ്യൻ പോലും നിരന്തരമായ അപേക്ഷ കേൾക്കുമ്പോൾ, സ്നേഹവാനായ നീതിമാനായ ദൈവം തന്റെ മക്കളുടെ പ്രാർത്ഥന എത്രയധികം കേൾക്കും എന്നതാണ് യേശുവിന്റെ ആശയം. അതിനാൽ ഉത്തരം വൈകുമ്പോൾ പ്രാർത്ഥന നിർത്തരുത്.

നാം പലപ്പോഴും ചോദിക്കും: ''ഞാൻ ഇത്രയും പ്രാർത്ഥിച്ചിട്ടും എന്തുകൊണ്ട് ഉത്തരം കിട്ടുന്നില്ല?'' യേശുവിന്റെ മറുപടി: ''മടുത്തുപോകരുത്.'' ദൈവത്തിന്റെ നിശ്ശബ്ദത ദൈവത്തിന്റെ അഭാവമല്ല. ദൈവത്തിന്റെ താമസം ദൈവത്തിന്റെ മറുപടി ഇല്ലായ്മയുമല്ല. ചിലപ്പോൾ കാത്തിരിപ്പിന്റെ കാലഘട്ടത്തിലാണ് ദൈവം നമ്മുടെ ഉള്ളിൽ ഏറ്റവും വലിയ പ്രവർത്തനം നടത്തുന്നത്.

**6. തുറന്ന വാതിൽ""വെളിപ്പാട് 3:8**

വെളിപ്പാട് 3:8–ൽ യേശു ഫിലദെൽഫിയയിലെ സഭയോട് പറയുന്നു: ''ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു തുറന്ന വാതിൽ വെച്ചിരിക്കുന്നു; അത് അടയ്ക്കുവാൻ ആർക്കും കഴിയുകയില്ല.'' ഈ വചനത്തിന്റെ സന്ദർഭം വളരെ പ്രധാനപ്പെട്ടതാണ്.

ഫിലദെൽഫിയയിലെ സഭ വലിയ ശക്തിയുള്ള സഭയായിരുന്നില്ല. യേശു അവരോട് തന്നെ പറയുന്നു: ''നിനക്കു അല്പം ശക്തിയേ ഉള്ളു.'' അവരുടെ ശക്തി മനുഷ്യപരമായ കണക്കിൽ വളരെ കുറവായിരുന്നു. എന്നാൽ അവർ യേശുവിന്റെ വചനം കാത്തുസൂക്ഷിക്കുകയും അവന്റെ നാമം നിഷേധിക്കാതിരിക്കുകയും ചെയ്തു. അപ്പോഴാണ് യേശു അവർക്കു മുന്നിൽ ഒരു തുറന്ന വാതിൽ വെച്ചിരിക്കുന്നതായി പറയുന്നത്. ഇവിടെ ''തുറന്ന വാതിൽ'' എന്നത് വെറും സാമ്പത്തിക വിജയത്തിന്റെയോ വ്യക്തിപരമായ സൗകര്യത്തിന്റെയോ വാതിൽ എന്ന നിലയിൽ മാത്രം കാണേണ്ടതല്ല. ദൈവം തന്റെ ജനത്തിന് നൽകിയ അവസരത്തെയും ശുശ്രൂഷയെയും ദൈവിക പ്രവർത്തനത്തിനുള്ള വഴിയെയും സൂചിപ്പിക്കുന്ന ശക്തമായ ചിത്രമാണിത്. അതുകൊണ്ട് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്: നമ്മുടെ ശക്തി കുറവായിരിക്കാം; എന്നാൽ ദൈവത്തിന്റെ ശക്തി കുറയുന്നില്ല. നമ്മുടെ കഴിവുകൾ പരിമിതമായിരിക്കാം. നമ്മുടെ വിഭവങ്ങൾ കുറവായിരിക്കാം. മനുഷ്യരുടെ പിന്തുണ ഇല്ലാതിരിക്കാം. എന്നാൽ ദൈവം ഒരു വാതിൽ തുറന്നാൽ അതിനെ അടയ്ക്കാൻ മനുഷ്യന് കഴിയില്ല.

**7. യാക്കോബ് 5:16 പ്രാർത്ഥനയുടെ ശക്തിയുടെ ഉറവിടം**

യാക്കോബ് 5:16 പറയുന്നു: ''നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു.'' ഇത് പറയുന്നത് വെറും ''പ്രാർത്ഥിച്ചാൽ എല്ലാം നമുക്ക് ലഭിക്കും'' എന്ന ലളിതമായ ആശയമല്ല. യാക്കോബ് എഴുതുന്ന സന്ദർഭത്തിൽ വിശ്വാസികളുടെ ജീവിതത്തിൽ രോഗം, പാപം, പരസ്പരബന്ധം, സഭാജീവിതം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നു. അതിന്റെ മധ്യേ പരസ്പരം പ്രാർത്ഥിക്കാനും ദൈവത്തിൽ ആശ്രയിക്കാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

അതിനുശേഷം ഏലിയാവിന്റെ ഉദാഹരണം നൽകുന്നു. ഏലിയാവ് നമ്മളെപ്പോലെ സ്വഭാവമുള്ള മനുഷ്യനായിരുന്നു. എന്നിട്ടും അവൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചപ്പോൾ ദൈവം അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി. അതിനാൽ പ്രാർത്ഥനയുടെ ശക്തി നമ്മൾ വലിയ മനുഷ്യരായതുകൊണ്ടല്ല.

നമ്മുടെ പ്രാർത്ഥനയുടെ ശക്തി നാം വലിയ ദൈവത്തോട് പ്രാർത്ഥിക്കുന്നതുകൊണ്ടാണ്.

**8. എല്ലാ അടഞ്ഞ വാതിലുകളും തുറക്കണമെന്നില്ല**

ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം മനസ്സിലാക്കണം. പ്രാർത്ഥന എന്നത് നമുക്ക് ഇഷ്ടമുള്ള എല്ലാ വാതിലുകളും ദൈവം നിർബന്ധമായും തുറക്കും എന്ന വാഗ്ദാനം അല്ല. ദൈവം ചില വാതിലുകൾ തുറക്കും. ചില വാതിലുകൾ അടച്ചു വെക്കും. ചില വാതിലുകൾ തുറക്കാൻ നമ്മെ കാത്തിരിപ്പിക്കും. എന്തുകൊണ്ട്?

കാരണം നാം കാണുന്നത് ഇന്നത്തെ നിമിഷം മാത്രമാണ്. ദൈവം കാണുന്നത് മുഴുവൻ വഴിയാണ്. ഒരു കുട്ടി ഒരു വാതിൽ തുറക്കണമെന്ന് ആവശ്യപ്പെടാം. എന്നാൽ ആ വാതിലിന് അപ്പുറം അപകടമുണ്ടെന്ന് പിതാവിന് അറിയാം. അതുകൊണ്ട് പിതാവ് ആ വാതിൽ തുറക്കാതിരിക്കാം. കുട്ടിക്ക് അത് നിരാശയായിരിക്കാം. പക്ഷേ പിതാവിന്റെ കാഴ്ചയിൽ അത് സംരക്ഷണമാണ്.

അതുപോലെ ചിലപ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് ദൈവത്തിന്റെ ''ഇല്ല'' എന്ന മറുപടിയും ഒരു അനുഗ്രഹമായിരിക്കാം. അതുകൊണ്ട് നാം ഇങ്ങനെ പ്രാർത്ഥിക്കണം: ''ദൈവമേ, എന്റെ ഇഷ്ടം മാത്രം നടക്കാതെ നിന്റെ ഇഷ്ടം നടക്കട്ടെ.'' യേശു ഗെത്ത്ശെമനെയിൽ പഠിപ്പിച്ച പ്രാർത്ഥനയുടെ ഹൃദയവും ഇതുതന്നെയാണ്.

**9. അടഞ്ഞ വാതിൽ കണ്ടാൽ വിശ്വാസി എന്തു ചെയ്യണം?**

നമ്മുടെ മുമ്പിൽ ഒരു അടഞ്ഞ വാതിൽ വന്നാൽ ആദ്യം ചെയ്യേണ്ടത് നിരാശപ്പെടുകയല്ല. പ്രാർത്ഥിക്കുക. വാതിൽ അടഞ്ഞാൽ വിശ്വാസം തുറക്കണം.

വഴി കാണാതിരുന്നാൽ ദൈവത്തെ അന്വേഷിക്കണം. ഉത്തരം വൈകിയാൽ ക്ഷമയോടെ കാത്തിരിക്കണം. സാഹചര്യം മോശമായാൽ സ്തുതി നിർത്തരുത്.

മറ്റുള്ളവർ ഉപേക്ഷിച്ചാലും ദൈവത്തെ ഉപേക്ഷിക്കരുത്. നമ്മുടെ കൈയിൽ മനുഷ്യശക്തി ഇല്ലാതിരിക്കാം. എന്നാൽ നമ്മുടെ അധരങ്ങളിൽ പ്രാർത്ഥനയുണ്ട്.

നമ്മുടെ ഹൃദയത്തിൽ വിശ്വാസമുണ്ട്. നമ്മുടെ മുമ്പിൽ സർവ്വശക്തനായ ദൈവമുണ്ട്.

നിങ്ങളുടെ ജീവിതത്തിന്റെ മുമ്പിൽ ഇന്ന് ഏതെങ്കിലും അടഞ്ഞ വാതിലുണ്ടോ?

കുടുംബത്തിൽ ഒരു അടഞ്ഞ വാതിലായിരിക്കാം. സാമ്പത്തിക ജീവിതത്തിൽ ഒരു അടഞ്ഞ വാതിലായിരിക്കാം. തൊഴിലിൽ ഒരു അടഞ്ഞ വാതിലായിരിക്കാം.

ശുശ്രൂഷയിൽ ഒരു അടഞ്ഞ വാതിലായിരിക്കാം. ബന്ധങ്ങളിൽ ഒരു അടഞ്ഞ വാതിലായിരിക്കാം. വർഷങ്ങളായി കാത്തിരിക്കുന്ന ഒരു അനുഗ്രഹത്തിന്റെ വാതിലായിരിക്കാം. അപ്പോൾ പത്രോസിന്റെ കഥ ഓർക്കുക. സഭ പ്രാർത്ഥിച്ചു ജയിലിന്റെ വാതിൽ തുറന്നു. പൗലൊസിന്റെയും ശീലാസിന്റെയും കഥ ഓർക്കുക.

അവർ പ്രാർത്ഥിച്ചു തടവറയുടെ വാതിലുകൾ തുറന്നു. പത്രോസിന്റെ നിലവിളി ഓർക്കുക. ''കർത്താവേ, എന്നെ രക്ഷിക്കണമേ!'' യേശു കൈ നീട്ടി. യേശുവിന്റെ വാക്ക് ഓർക്കുക: ''മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും.'' ഫിലദെൽഫിയയിലെ സഭയോട് പറഞ്ഞ വാക്ക് ഓർക്കുക: ''ഞാൻ നിന്റെ മുമ്പിൽ ഒരു തുറന്ന വാതിൽ വെച്ചിരിക്കുന്നു; അത് അടയ്ക്കുവാൻ ആർക്കും കഴിയുകയില്ല.'' അതുകൊണ്ട് ഇന്ന് നിങ്ങളുടെ വാതിൽ അടഞ്ഞുകിടക്കുന്നു എന്നതുകൊണ്ട് നിങ്ങളുടെ കഥ അവസാനിച്ചിട്ടില്ല. അടഞ്ഞ വാതിൽ അവസാനമല്ല. അത് പ്രാർത്ഥന ആരംഭിക്കേണ്ട സ്ഥലമായിരിക്കാം. നിങ്ങൾക്ക് തുറക്കാൻ കഴിയാത്ത വാതിലുകൾ ദൈവത്തിന് തുറക്കാൻ കഴിയും. നിങ്ങൾക്ക് കാണാൻ കഴിയാത്ത വഴികൾ ദൈവത്തിന് കാണാം. നിങ്ങൾക്ക് സാധ്യമല്ലാത്ത കാര്യങ്ങൾ ദൈവത്തിന് സാധ്യമാണ്. അതുകൊണ്ട് പ്രാർത്ഥന നിർത്തരുത്. മുട്ടിക്കൊണ്ടിരിക്കുക.

ചോദിച്ചുകൊണ്ടിരിക്കുക. അന്വേഷിച്ചുകൊണ്ടിരിക്കുക. വിശ്വസിച്ചുകൊണ്ടിരിക്കുക. കാരണം വാതിൽ എത്ര വലുതായാലും താക്കോൽ ചെറുതായിരിക്കാം. അതുപോലെ പ്രശ്നം എത്ര വലുതായാലും പ്രാർത്ഥന ചെറുതല്ല. പ്രാർത്ഥനയുടെ ശക്തി വാക്കുകളുടെ വലിപ്പത്തിലല്ല; പ്രാർത്ഥിക്കുന്ന ദൈവത്തിന്റെ മഹത്വത്തിലാണ്. പ്രാർത്ഥന നമ്മുടെ ജീവിതത്തിലെ അടഞ്ഞ വാതിലുകളുടെ താക്കോലാകട്ടെ. ''ചോദിപ്പിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും.'' മത്തായി 7:7



# യജമാനനിൽ വിശ്വസിക്കുക

സുപോങ് കൊനിയാക്ക്
നാഗാലാൻഡ്

ചെറിയൊരു സംഘം നേതാവിന്റെ സ്വീകരണമുറിയിലെ പലതരം സോഫകളിലും കസേരകളിലുമായി ഇരിക്കുകയാണ്. ചിലർ ചൂടുള്ള ചായ കുടിക്കുന്നു. ആ ചായയ്ക്ക് ഇപ്പോഴും ''പുതുമയുടെ'' ആവേശകരമായ രുചിയുണ്ട് പുതിയ ഭാഷ, പുതിയ സംസ്കാരം, പുതിയ പട്ടണം, പുതിയ അനുഭവങ്ങൾ. തുറന്ന ജനലിലൂടെ, ഇതുവരെ പരിചിതമല്ലാത്ത കാറുകളുടെ ഹോൺ ശബ്ദങ്ങളും കച്ചവടക്കാരുടെ വിളികളും കടന്നുപോകുന്ന ആടുകളുടെ കരച്ചിലും അവർ കേൾക്കുന്നു.

വർഷങ്ങളായുള്ള തയ്യാറെടുപ്പുകൾ ഈ നിമിഷത്തിൽ എത്തിച്ചേർന്നിരിക്കുന്നു. വളരെയധികം കാര്യങ്ങൾ പിന്നിലാക്കി വന്ന ആവേശഭരിതരായ മിഷനറിമാർ, പ്രതീക്ഷയോടെ തങ്ങളുടെ യുവാവും ഉത്സാഹഭരിതനുമായ നേതാവിനെ നോക്കുന്നു.

ഈ പട്ടണത്തിലെ ജനങ്ങളെ ക്രിസ്തുവിലേക്കു നയിക്കാൻ ഏത് തന്ത്രമാണ് ഉപയോഗിക്കേണ്ടത്? ഏത് രീതിയാണ് ഫലപ്രദമാകുക? ''പദ്ധതി എന്താണ്?''

### വിജയത്തിനായുള്ള തന്ത്രങ്ങൾ

ഈ സംഘം സാങ്കൽപ്പികമാണ്. എന്നാൽ പലർക്കും ഈ നിമിഷം യാഥാർത്ഥ്യമാണ്. ഒരു പ്രത്യേക സാമൂഹിക വിഭാഗത്തെ എങ്ങനെ സുവിശേഷത്തിലേക്ക് എത്തിക്കാം, അല്ലെങ്കിൽ തങ്ങളുടെ പരിശ്രമങ്ങളെ എങ്ങനെ പരമാവധി ഫലപ്രദമാക്കാം എന്നതിനെക്കുറിച്ചുള്ള ഗവേഷണങ്ങളുമായാണ് മിഷനറിമാർ തങ്ങളുടെ ശുശ്രൂഷാ മേഖലകളിലേക്ക് പോകുന്നത്.

ദൗത്യസാഹിത്യങ്ങളിൽ വിജയകരമായ പുതിയ രീതികളെക്കുറിച്ച് ധാരാളം പറയപ്പെടുന്നു. നൂറുകണക്കിനോ ആയിരക്കണക്കിനോ ആളുകൾ ക്രിസ്തുവിങ്കലേക്ക് വന്നതിന്റെ കഥകളും, വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ആ തന്ത്രം എങ്ങനെ നടപ്പാക്കാമെന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അതിൽ കാണാം.

നാം നല്ല ഫലങ്ങൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് തന്നെ യാന്ത്രികമായ ചിന്താഗതിയിലേക്ക് നാം എളുപ്പത്തിൽ വഴുതിപ്പോകുന്നു: ''എ-യും ബി-യും ശരിയായി നടപ്പാക്കിയാൽ, ആ തന്ത്രം ഇ എന്ന ഫലത്തിലേക്ക് നമ്മെ നയിക്കും.'' പ്രത്യേക രീതികളും തന്ത്രങ്ങളും സ്വതവേ മോശമല്ല.

പുതിയ സ്ഥലങ്ങളിൽ സുവിശേഷം വിശ്വസ്തമായി പ്രസംഗിക്കുന്നതിനുള്ള സഹായകരവും പലപ്പോഴും ആവശ്യമായതുമായ ഉപകരണങ്ങളാണ് അവ. പൗലോസിനും ഒരു രീതിയുണ്ടായിരുന്നു. സാധാരണയായി അദ്ദേഹം സുവിശേഷ പ്രവർത്തനം ആരംഭിച്ചിരുന്നത് പ്രാദേശിക സിനഗോഗിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ടായിരുന്നു (പ്രവൃത്തികൾ 17:2). എന്നാൽ തന്ത്രങ്ങൾ ഒരു അപകടമായി മാറാനും കഴിയും. നമ്മുടെ ശുശ്രൂഷയുടെ വിജയം നാം ഉപയോഗിക്കുന്ന തന്ത്രങ്ങളെയും രീതികളെയും ആശ്രയിച്ചിരിക്കുന്നു എന്ന് നാം വിശ്വസിക്കാൻ തുടങ്ങാം. ഒരു രീതി ഫലപ്രദമാകാതെ വന്നാൽ, ഒന്നുകിൽ അത് ശരിയായി നടപ്പാക്കിയില്ലെന്ന് നാം കരുതും, അല്ലെങ്കിൽ പുതിയൊരു രീതി ആവശ്യമാണെന്ന് ചിന്തിക്കും ഒരുപക്ഷേ നാം നല്ല മിഷനറിമാരല്ലെന്നും കരുതിയേക്കാം.

എന്നാൽ തിരുവെഴുത്ത് മറ്റൊരു ചിത്രം നമുക്കു നൽകുന്നു. ദൈവവചനം കേൾക്കുമ്പോൾ, വിജയത്തെക്കുറിച്ചുള്ള അഹങ്കാരപരമായോ യാന്ത്രികമായോ ഉള്ള ചിന്തകൾ തിരുത്തപ്പെടുന്നു. ദൗത്യപ്രവർത്തനത്തിലായാലും, മാതാപിതൃത്വത്തിലായാലും, ഇടയശുശ്രൂഷയിലായാലും, നമ്മുടെ അധ്വാനത്തിന്റെ വിജയം നാം സൂക്ഷ്മമായി തയ്യാറാക്കിയ രീതികളെ ആശ്രയിച്ചല്ല, നമ്മെ വിളിച്ചവന്റെ അധികാരത്തെ ആശ്രയിച്ചാണെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു.

### ആജ്ഞ നൽകുന്ന വിളി

മർക്കോസിന്റെ സുവിശേഷം പ്രവർത്തനത്തോടെയാണ് ആരംഭിക്കുന്നത്. യേശുവിന്റെ സ്നാനസമയത്ത് പിതാവ് അവനെ ദൈവപുത്രനായി അംഗീകരിക്കുന്നു. തുടർന്ന് ആത്മാവ് അവനെ മരുഭൂമിയിലേക്ക് നയിക്കുന്നു; അവിടെ അവൻ പരീക്ഷിക്കപ്പെടുന്നു.

അതിനുശേഷം യേശു ഗലീലയിൽ എത്തി സുവിശേഷം പ്രസംഗിക്കുകയും മാനസാന്തരപ്പെടാൻ ജനങ്ങളെ വിളിക്കുകയും ചെയ്യുന്നു. ചിലരെ അവൻ തന്റെ ശിഷ്യന്മാരാകാൻ വിളിക്കുന്നു. അവരെ പ്രേരിപ്പിച്ചോ ബോധ്യപ്പെടുത്തിയോ അല്ല അവൻ വിളിച്ചത്. വളരെ ചുരുക്കമായ ഒരു കൽപ്പനയിലൂടെയാണ്: ''എന്നെ അനുഗമിക്കൂ.''

അവരുടെ പ്രതികരണവും അതുപോലെ ചുരുക്കമായിരുന്നു. ചർച്ചയില്ല, ചോദ്യങ്ങളില്ല, മടിയില്ല. ''ഉടനെ അവർ വല വിട്ട് അവനെ അനുഗമിച്ചു'' (മർക്കോസ് 1:1718).

ഇതിലെ ലാളിത്യം അതിശയകരമാണ്. യേശു വിളിക്കുമ്പോൾ, വിളിക്കപ്പെട്ടവർ അനുഗമിക്കുന്നു. എന്നാൽ നമുക്ക് ചോദ്യങ്ങൾ ചോദിക്കാനുണ്ട്. മർക്കോസ് തന്റെ വിവരണശൈലിയുടെ ഭാഗമായി ചില വിശദാംശങ്ങൾ ഒഴിവാക്കിയതാണോ? വല ഉപേക്ഷിക്കുന്നതിനുമുമ്പ് ശിഷ്യന്മാർ കുറച്ചെങ്കിലും ആലോചിച്ചിരിക്കില്ലേ? പിതാവിനെയും കൂലിക്കാരെയും വിട്ടുപോകുന്നതിനുമുമ്പ് അവർ ചർച്ച ചെയ്തിരിക്കില്ലേ? ഈ വിവരണം ഉദ്ദേശപൂർവ്വമാണ്. ഇവിടെ കാണുന്ന വേഗത മർക്കോസിന്റെ എഴുത്തുശൈലിയുടെ ഫലമല്ല; മറിച്ച് ക്രിസ്തുവിന്റെ പരമാധികാരത്തിന്റെ പ്രകടനമാണ്. യേശു അധികാരത്തോടെ ഗലീലയിൽ വരുന്നു. അവൻ നിത്യപുത്രനാണ്. അവന്റെ വിളിയിൽ, സൃഷ്ടിപരമായ വചനം ഉച്ചരിക്കുന്ന ദൈവത്തിന്റെ ശബ്ദം നാം കേൾക്കുന്നു. ''എന്നെ അനുഗമിക്കൂ'' എന്നത് ഒരു ക്ഷണമാത്രമല്ല; അത് ദൈവികമായ ആജ്ഞയാണ്. ജോൺ വെബ്സ്റ്റർ എഴുതുന്നതുപോലെ, യേശുവിന്റെ വിളിയിൽ തുല്യരായ രണ്ടു വ്യക്തികൾ തമ്മിലുള്ള കൂടിക്കാഴ്ചയല്ല നടക്കുന്നത്. ശിഷ്യൻ പിന്നീട് എടുക്കുന്ന ഒരു തീരുമാനത്തിനായി യേശുവിന്റെ വിളി കാത്തുനിൽക്കുന്നില്ല. മറിച്ച്, ഇതിനകം തന്നെ തീരുമാനിക്കപ്പെട്ടിരിക്കുന്ന ഒരു കാര്യത്തിന്റെ മുമ്പിൽ വിളിക്കപ്പെട്ടവനെ അത് നിർത്തുന്നു.

അവന്റെ അധികാരം ചോദ്യം ചെയ്യാനാവാത്തതാണ്; അവരുടെ അനുസരണം ഉടനടിയുള്ളതാണ്.

### അധികാരത്തിന് കീഴിൽ

സുവിശേഷം പ്രസംഗിക്കാൻ അയക്കപ്പെട്ടവർക്കായി ഈ അധികാരം എന്താണ് അർത്ഥമാക്കുന്നത്? മിഷനറിമാർ യേശുവല്ല. സ്വന്തം അധികാരത്തിൽ നിന്നുകൊണ്ട് അവർ യേശുവിനെപ്പോലെ പ്രസംഗിക്കുകയും വിളിക്കുകയും ചെയ്യുന്നില്ല. അവർ പ്രസംഗിക്കുന്നു, അവർ വിളിക്കുന്നു; എന്നാൽ ശതാധിപനെപ്പോലെ ''അധികാരത്തിന് കീഴിലുള്ളവർ'' ആയിട്ടാണ് അവർ അത് ചെയ്യുന്നത്. ''മിഷനറി പ്രവർത്തനത്തിലെ ആത്മവിശ്വാസം നമ്മെ വിളിച്ചവന്റെ അധികാരത്തിലാണ്.'' അവരുടെ ശുശ്രൂഷയുടെ ഫലപ്രാപ്തി ഏറ്റവും പുതിയ തന്ത്രത്തെയോ അത് എത്ര നന്നായി നടപ്പാക്കാൻ കഴിയുന്നുവെന്നതിനെയോ ആശ്രയിക്കുന്നില്ല. അവരുടെ സംസാരത്തിന്റെ ആകർഷണീയതയെയോ സാമൂഹ്യശാസ്ത്രപരമായ ഗവേഷണത്തിന്റെ ആഴത്തെയോ പോലും അത് ആശ്രയിക്കുന്നില്ല.

സുവിശേഷവിളിയുടെ ഫലപ്രാപ്തി ദൈവത്തിന്റെ അധികാരമുള്ള വിളിയിലാണ് ആശ്രയിക്കുന്നത്. പൗലോസ് എഴുതുന്നു: ''ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരേ, അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ഞങ്ങളുടെ സുവിശേഷം വചനത്തിൽ മാത്രം അല്ല, ശക്തിയിലും പരിശുദ്ധാത്മാവിലും പൂർണ്ണനിശ്ചയത്തിലും നിങ്ങളുടെ അടുക്കൽ വന്നതുകൊണ്ടുതന്നെ'' (1 തെസ്സലൊനീക്യർ 1:45). അധികാരമുള്ള വിളി ദൈവത്തിൽ നിന്നുള്ളതാണെന്ന് അറിയുന്നത് തന്ത്രങ്ങളും രീതികളും പൂർണ്ണമായി ഉപേക്ഷിക്കണം എന്നല്ല. എന്നാൽ അവയെ അമിതമായി ആശ്രയിക്കാതെ ഉപയോഗിക്കണമെന്നാണ് അതിന്റെ അർത്ഥം. മിഷനറി പ്രവർത്തനത്തിലെ നമ്മുടെ ആത്മവിശ്വാസം വിളിക്കുന്നവന്റെ അധികാരത്തിൽ ആയിരിക്കണം. ദൈവത്തിന്റെ അധികാരത്തിൽ ആശ്രയിക്കുന്നവരുടെ അധ്വാനത്തെ എന്താണ് വിശേഷിപ്പിക്കുന്നത്?

തങ്ങളുടെ രീതിയിലല്ല, യജമാനനിൽ വിശ്വസിക്കുന്ന മിഷനറിമാർ ക്ഷമയോടും പ്രാർത്ഥനയോടും കൂടി സുവിശേഷം പ്രസംഗിക്കുന്നു.

### ക്ഷമയോടെ

പൗലോസ് കൊരിന്തിൽ എത്തിയപ്പോൾ തന്റെ സാധാരണ രീതിയാണ് പിന്തുടർന്നത്. ശബ്ബത്ത് ദിവസങ്ങളിൽ പ്രാദേശിക സിനഗോഗിൽ പഠിപ്പിക്കുകയും, യേശുവാണ് ക്രിസ്തു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. പലരും എല്ലാവരും അല്ലെങ്കിലും അവന്റെ സന്ദേശം നിരസിച്ചു. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവ് ഒരു ദർശനത്തിൽ പൗലോസിനെ പ്രോത്സാഹിപ്പിച്ചു: ''ഭയപ്പെടേണ്ട; സംസാരിച്ചുകൊണ്ടിരിക്കുക; മിണ്ടാതിരിക്കരുത്... ഞാൻ ഈ നഗരത്തിൽ വളരെ ജനങ്ങളെ സ്വന്തമാക്കിയിരിക്കുന്നു.'' അങ്ങനെ പൗലോസ് അവിടെ പതിനെട്ടു മാസം താമസിച്ചു, ''അവരുടെ ഇടയിൽ ദൈവവചനം ഉപദേശിച്ചുകൊണ്ടിരുന്നു'' (പ്രവൃത്തികൾ 18:911). ഫലങ്ങൾ ഉടൻ ലഭിക്കാത്തപ്പോൾ അദ്ദേഹം അവിടെനിന്ന് പോയില്ല. സുവിശേഷത്തിന് കൂടുതൽ സ്വീകാര്യത ലഭിക്കാൻ പുതിയൊരു തന്ത്രം കണ്ടെത്താനും അദ്ദേഹം ശ്രമിച്ചില്ല.

സിനഗോഗിൽ നിരസിക്കപ്പെട്ടപ്പോൾ, അദ്ദേഹം അടുത്ത വീട്ടിലേക്ക് മാറി, യേശുവാണ് ക്രിസ്തു എന്ന് പഠിപ്പിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റേതായവർ ഈ വിളി കേൾക്കുമെന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തു പൗലോസിനെ ഓർമ്മിപ്പിച്ചു. മിഷനറി പ്രവർത്തനം പലപ്പോഴും മന്ദഗതിയിലും വേദനാജനകവുമാണ്. ചിലപ്പോൾ ''പ്രസ്ഥാനങ്ങൾ'' വേഗത്തിൽ വളരുകയും ചുരുങ്ങിയ സമയത്തിനുള്ളിൽ അനേകർ ക്രിസ്തുവിങ്കലേക്ക് വരികയും ചെയ്യും. എന്നിരുന്നാലും ശക്തി ഒരു രീതിയിലോ തന്ത്രത്തിലോ അല്ല; യേശുവിന്റെ വിളിയിലാണ്. കാര്യങ്ങൾ മന്ദഗതിയിലാകുമ്പോൾ, മണ്ണ് കഠിനമായിരിക്കുമ്പോൾ, സുവിശേഷത്തെ മുന്നോട്ട് കൊണ്ടുപോകാൻ ആദ്യം ഒരു പുതിയ രീതി അന്വേഷിക്കരുത്. ക്രിസ്തുവിന്റെ ശക്തിയിൽ ക്ഷമയോടെ ആശ്രയിക്കുക.

### പ്രാർത്ഥനയിൽ

പ്രാർത്ഥന എന്നത് എല്ലാ കാര്യങ്ങളിലും തങ്ങളുടെ കർത്താവിനെ ആശ്രയിക്കുന്നുവെന്ന് തിരിച്ചറിയുന്ന ശിഷ്യന്മാരുടെ പ്രവർത്തിയാണ്. പുതിയ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കാൻ അയക്കപ്പെട്ടവർ, മരിച്ചവർക്ക് ജീവൻ നൽകാൻ തങ്ങൾക്ക് യാതൊരു കഴിവുമില്ലെന്ന് പ്രാർത്ഥനയിൽ ഏറ്റുപറയുന്നു. പൗലോസ് ചോദിക്കുന്നു:

''ഈ കാര്യങ്ങൾക്ക് ആർ യോഗ്യൻ?'' വിളിക്കപ്പെട്ടവർക്ക് ജീവൻ നൽകാൻ കഴിയുന്നത് ആർക്കാണ്? നമ്മുടെ സുവിശേഷത്തിന്റെ ഫലപ്രാപ്തി ആരുടെ ശക്തിയിലാണ് ആശ്രയിക്കുന്നത്? പൗലോസ് തന്നെ അതിന് ഉത്തരം നൽകുന്നു: ''ദൈവത്തിന്റെ സന്നിധിയിൽ ഞങ്ങൾ ക്രിസ്തുവിൽ സംസാരിക്കുന്നു'' (2 കൊരിന്ത്യർ 2:1617).

നമ്മുടെ അപര്യാപ്തത തിരിച്ചറിയുമ്പോൾ നാം പ്രാർത്ഥിക്കുന്നു. തുടർന്ന് ദൈവത്തിന്റെ അധികാരത്തിലും അവന്റെ ശക്തിയിലും ആശ്രയിച്ച് നാം സംസാരിക്കുന്നു.

നമ്മുടെ കർത്താവ് തനിക്കുള്ളവരെ അറിയുന്നു. ദൈവത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുന്ന തന്റെ ദൂതന്മാരുടെ വിശ്വസ്തമായ അധ്വാനത്തിലൂടെ അവൻ അവരെ വിളിക്കും. ഇതെല്ലാം നടക്കുമ്പോൾ ശക്തി അവന്റേതാണ്, നമ്മുടേതല്ല.

ഏറ്റവും ഫലപ്രദമായ തന്ത്രം യുവസംഘം അവരുടെ നേതാവിന്റെ ലളിതമായ മറുപടിക്ക് തയ്യാറായിരുന്നില്ല. ''നാം പ്രാർത്ഥിക്കും. യുസഫിൽ നിന്ന് തുടങ്ങാം.'' അടുത്ത ഒന്നര മണിക്കൂർ അവർ പ്രത്യേകമായി തങ്ങൾക്ക് അറിയാവുന്ന ആളുകൾക്കായി പ്രാർത്ഥിച്ചു: പ്രാദേശിക പലചരക്ക് കടയിലെ ജീവനക്കാരനുവേണ്ടി,

ഒരു ഭാഷാ പങ്കാളിക്കുവേണ്ടി, ഒരു വീട് വൃത്തിയാക്കാൻ സഹായിക്കുന്ന സ്ത്രീക്കുവേണ്ടി,

എല്ലാ ദിവസവും ഒരേ സ്ഥലത്ത് ഇരിക്കുന്ന ഭിക്ഷക്കാരനുവേണ്ടി. ലോകസ്ഥാപനത്തിന് മുമ്പേ തന്റെ സ്നേഹം വെച്ചവരെ രക്ഷിക്കുവാൻ യേശു ആകാശവും ഭൂമിയും ഇളക്കിമറിക്കും. മനുഷ്യരുടെ എത്ര വലിയ തന്ത്രങ്ങളോ കഴിവുകളോ ഉപയോഗിച്ചാലും അവന്റെ പരമാധികാര ശക്തിയെ മാറ്റിമറിക്കാൻ കഴിയില്ല. അവന്റെ പ്രവൃത്തി മുന്നോട്ട് പോകുന്നത് ക്ഷമയോടെയും പ്രാർത്ഥനയോടെയും നിറഞ്ഞ സുവിശേഷപ്രഖ്യാപനത്തിലൂടെയാണ്. ആ സന്ദേശം ലളിതവും അതേസമയം അതിഗംഭീരവുമാണ്: ''പാപികൾക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശു ലോകത്തിന്റെ രക്ഷകനാണ്.''

അതിനാൽ, രീതിയിൽ അല്ല യജമാനനിൽ വിശ്വസിക്കുക.



# യേശു പരാജയപ്പെട്ടവരെ തിരഞ്ഞെടുക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു



ആൻ പ്രെറ്റി പ്രസാദ്
ദുബൈ

**നാം വീഴുന്നതിന് മുമ്പു തന്നെ അവൻ നമ്മുടെ വീഴ്ച അറിയുന്നു; വീണ ശേഷം നമ്മെ ഉയർത്താനും അവൻ ശക്തനാണ്. യേശു പശ്ചാത്തപിക്കുന്ന പരാജയപ്പെട്ടവരുടെ മഹത്തായ പുനഃസ്ഥാപകനാണ്പാ പത്തെക്കുറിച്ച് അനുതപിക്കുന്ന പരാജയപ്പെട്ടവരെ പുനഃസ്ഥാപിക്കുന്നവനാണ് യേശു. യേശുവിന്റെ ശബ്ദം കേൾക്കുക: ‘‘എന്നെ അനുഗമിക്ക.’’‘‘ നമ്മുടെ കഴിഞ്ഞകാലം യേശുവിന്റെ കൈകളിൽ ഏൽപ്പിക്കാം. നമ്മുടെ പാപങ്ങൾക്ക് ക്ഷമ ചോദിക്കാം. അവന്റെ കൃപ സ്വീകരിക്കാം. വീണ്ടും എഴുന്നേൽക്കാം. വീണ്ടും അവനെ അനുഗമിക്കാം.**

യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?''

പത്രൊസിന്റെ ഹൃദയം വേദനിച്ചു. പ്രഭാതഭക്ഷണത്തിനുശേഷം കടൽത്തീരത്ത് ഇരിക്കുമ്പോഴായിരുന്നു യേശു അവനോട് ഈ ചോദ്യം മൂന്നാം പ്രാവശ്യം ചോദിച്ചത്. നേരത്തെ രണ്ടുതവണയും പത്രൊസ് പൂർണ്ണഹൃദയത്തോടെ ''അതെ'' എന്ന് ഉത്തരം പറഞ്ഞിരുന്നു. ഇനി എന്താണ് പറയേണ്ടത്? എന്നാൽ ഈ ചോദ്യങ്ങളിലൂടെ കർത്താവ് പത്രൊസിന്റെ ഹൃദയത്തിലെ ഏറ്റവും ആഴത്തിലുള്ള മുറിവിൽ വിരൽവയ്ക്കുകയായിരുന്നു.

യേശുവിന്റെ വിചാരണ നടന്ന രാത്രിയിൽ പത്രൊസ് ചെയ്ത പരാജയം അത്യന്തം ഭയാനകമായിരുന്നു. തന്റെ കർത്താവ് ഏറ്റവും വലിയ വേദന അനുഭവിച്ചുകൊണ്ടിരുന്ന ആ മണിക്കൂറിൽ, താൻ യേശുവിനെ അറിയുന്നില്ലെന്ന് പോലും പത്രൊസ് നിഷേധിച്ചു.

ആ പാപം പത്രൊസിന്റെ ഉള്ളിന്റെ അടിത്തറ തന്നെ കുലുക്കി. യേശു ഇത് സംഭവിക്കുമെന്ന് നേരത്തെ തന്നെ പത്രൊസിനോട് പറഞ്ഞിരുന്നു. എന്നാൽ പെസഹാഭക്ഷണത്തിനായി ശിഷ്യന്മാരോടൊപ്പം മാളികമുറിയിൽ ഇരിക്കുമ്പോൾ പത്രൊസ് യേശുവിന്റെ വാക്കുകൾ വിശ്വസിച്ചില്ല. അവൻ ആത്മവിശ്വാസത്തോടെ പറഞ്ഞ വാക്കുകൾ ഇന്നും അവന്റെ ചെവിയിൽ മുഴങ്ങിയിരിക്കാം:

നിനക്കുവേണ്ടി ഞാൻ എന്റെ ജീവൻ വെക്കും.''

താൻ യഥാർത്ഥത്തിൽ എത്രമാത്രം ബലഹീനനാണെന്ന് പത്രൊസിന് അറിയില്ലായിരുന്നു.

യേശുവിനോടൊപ്പം സൻഹെദ്രീനു മുമ്പിൽ ധൈര്യത്തോടെ നിൽക്കേണ്ടിവന്നാലും താൻ പിൻമാറുകയില്ലെന്ന് അവൻ കരുതി. എന്തു സംഭവിച്ചാലും യേശുവിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുമെന്ന് അവൻ വിശ്വസിച്ചു. എന്നാൽ ആ രാത്രിയിൽ യേശു അതുതന്നെ ചെയ്യുമ്പോൾ, പത്രൊസിന് ഒരു ദാസിയുടെ മുമ്പിൽപ്പോലും ഉറച്ചുനിൽക്കാൻ കഴിഞ്ഞില്ല. അവൾ ചോദിച്ചു:

''നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനല്ലയോ?''

പത്രൊസ് പൂർണ്ണമായി തകർന്നുപോയി. അവൻ പറഞ്ഞു: ''അല്ല.'' ''ഞാൻ അവനെ അറിയുന്നില്ല.'' ''ഞാൻ അല്ല.'' ഈ വാക്കുകൾ പത്രൊസിന്റെ രാത്രികളെ ഉറക്കമില്ലാത്തതാക്കി. അവൻ ഒരു പാറപോലെ ഉറച്ചവനായിരിക്കേണ്ടതായിരുന്നു. എന്നാൽ ആ രാത്രിയിൽ അവൻ തകർന്നുപോയി. താൻ കരുതിയിരുന്നതുപോലെയുള്ള മനുഷ്യനല്ല താനെന്ന് പത്രൊസിന് മനസ്സിലായി. അവന് തന്നിലുള്ള ആത്മവിശ്വാസം ഒരിക്കലും ഇത്രയും കുറഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ ആ പ്രഭാതത്തിൽ യേശു മൂന്നാം പ്രാവശ്യം:

''നീ എന്നെ സ്നേഹിക്കുന്നുവോ?'' എന്ന് ചോദിച്ചപ്പോൾ, യേശുവിന്റെ വിശ്വാസം താൻ നഷ്ടപ്പെടുത്തിയിരിക്കുമോ എന്ന ചിന്തയിൽ പത്രൊസ് ദുഃഖിച്ചു. അവൻ പരാജയപ്പെട്ടു.

എന്നാൽ അവൻ യേശുവിനെ സ്നേഹിച്ചിരുന്നു.

അവന് ചെയ്യാൻ കഴിയുന്ന ഏക കാര്യം യേശുവിന്റെ സർവ്വജ്ഞതയിൽ ആശ്രയിക്കുക എന്നതായിരുന്നു. അവൻ പറഞ്ഞു: ''കർത്താവേ, നീ സകലവും അറിയുന്നു; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നും നീ അറിയുന്നു.' അതെ, യേശു എല്ലാം അറിയുന്നവനായിരുന്നു. പിന്നീട് ആ വേദനാജനകമായ സംഭാഷണത്തിലൂടെ യേശു എന്താണ് ചെയ്തതെന്ന് പത്രൊസിന് കൂടുതൽ വ്യക്തമായി മനസ്സിലായി. യേശു പത്രൊസിന്റെ സ്നേഹത്തെ സംശയിച്ചിരുന്നില്ല.

പകരം, ആ ഭയാനകമായ രാത്രിയിൽ പത്രൊസ് യേശുവിനെ നിഷേധിച്ച ഓരോ തവണയ്ക്കും പകരമായി, ഇപ്പോൾ തന്റെ സ്നേഹം ഓരോ തവണയും ഏറ്റുപറയാൻ യേശു അവന് അവസരം നൽകി.

എത്ര അത്ഭുതകരമായ കൃപ!

അതിനുശേഷം കർത്താവ് പത്രൊസിനോട് മറ്റൊരു വാക്കും പറഞ്ഞു.

ഭാവിയിൽ, വലിയ വില കൊടുക്കേണ്ടിവന്നാലും യേശുവിനോടുള്ള തന്റെ സ്നേഹം പരസ്യമായി പ്രഖ്യാപിക്കാനുള്ള മറ്റൊരു അവസരം അവന് ലഭിക്കും.

പിന്നീട് യേശു അവനോട് പറഞ്ഞു: ''എന്നെ അനുഗമിക്ക.''

പരാജയത്തിനുശേഷവും യേശു നമ്മെ ഉപേക്ഷിക്കുന്നില്ല

നമ്മുടെ പഴയ പരാജയങ്ങളെയും പാപങ്ങളെയും കുറിച്ചുള്ള ലജ്ജ പലവിധത്തിൽ നമ്മെ വേട്ടയാടുകയും പിന്തോട്ടടിക്കുകയും ചെയ്യാറുണ്ട്. നാം ചെയ്ത തെറ്റുകൾ വീണ്ടും വീണ്ടും നമ്മുടെ മനസ്സിലേക്ക് കൊണ്ടുവന്ന് നമ്മുടെ വിശ്വാസത്തെ മോഷ്ടിക്കാനും നശിപ്പിക്കാനും സാത്താൻ ശ്രമിക്കുന്നു.

എന്നാൽ യേശുവിന്റെ ഉദ്ദേശ്യം നമ്മെ പൂർണ്ണമായി വീണ്ടെടുക്കുക എന്നതാണ്. യേശു നിന്നെ തന്റെ ശിഷ്യനായി തിരഞ്ഞെടുത്തപ്പോൾ, പത്രൊസിന്റെ ഭാവിയിലെ പരാജയങ്ങൾ അവൻ മുൻകൂട്ടി അറിഞ്ഞതുപോലെ, നിന്റെ ഭാവിയിലെ പരാജയങ്ങളും അവൻ അറിഞ്ഞിരുന്നു. നമ്മുടെ വിശ്വാസത്തിന് വിരുദ്ധമായ ഒരു പാപത്തിൽ നാം ഒരിക്കലും വീഴില്ലെന്ന് നാം കരുതിയേക്കാം. ''എനിക്ക് ഒരിക്കലും യേശുവിനെ നിഷേധിക്കാനാവില്ല'' എന്ന് നാം വിചാരിച്ചേക്കാം. എന്നാൽ യേശുവിന് നമ്മുടെ ഉള്ളിലുള്ളതെല്ലാം അറിയാം. അതുകൊണ്ട് പത്രൊസിനോടൊപ്പം നമ്മോടും അവൻ മുന്നറിയിപ്പ് നൽകുന്നു: ''പ്രലോഭനത്തിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ.''

(മത്തായി 26:41) നമ്മുടെ ആത്മാവിൽ നല്ല ആഗ്രഹങ്ങൾ ഉണ്ടായിരിക്കാം. ദൈവത്തെ സേവിക്കണമെന്ന ആഗ്രഹം ഉണ്ടായിരിക്കാം. വിശുദ്ധരായി ജീവിക്കണമെന്ന ആഗ്രഹം ഉണ്ടായിരിക്കാം.

എന്നാൽ നമ്മുടെ മനുഷ്യസ്വഭാവം ബലഹീനമാണ്. അതുകൊണ്ട് ജാഗരിക്കുകയും പ്രാർത്ഥിക്കുകയും വേണം. പരാജയപ്പെടുമ്പോൾ യേശുവിന്റെ പ്രാർത്ഥന ഓർക്കുക

നാം പരാജയപ്പെടുമ്പോൾ മറ്റൊരു വലിയ സത്യം ഓർക്കണം. പത്രൊസ് പരാജയപ്പെടുന്നതിന് മുമ്പ് യേശു അവനോട് പറഞ്ഞിരുന്നു: ''നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കേണ്ടതിന് ഞാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; നീ തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തുക.''

(ലൂക്കോസ് 22:32) പത്രൊസ് ഭയങ്കരമായി പരാജയപ്പെടാൻ പോകുകയായിരുന്നു.

എന്നാൽ യേശു അവനുവേണ്ടി പ്രാർത്ഥിച്ചിരുന്നു.

യേശുവിന്റെ പ്രാർത്ഥന പത്രൊസിന്റെ പാപത്തെക്കാൾ ശക്തമായിരുന്നു. അതുപോലെ തന്നെ, യേശുവിന്റെ കൃപ നമ്മുടെ പാപത്തെക്കാൾ ശക്തമാണ്. എബ്രായർ 7:25 നമ്മെ ഓർമ്മിപ്പിക്കുന്നു:

''അവൻ മുഖാന്തരം ദൈവത്തോട് അടുക്കുന്നവരെ പൂർണ്ണമായി രക്ഷിപ്പാൻ അവന് കഴിയും; അവൻ അവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ എപ്പോഴും ജീവിക്കുന്നുവല്ലോ.'' എത്ര വലിയ ആശ്വാസമാണ് ഇത്! നമ്മുടെ പരാജയം യേശുവിനെ അത്ഭുതപ്പെടുത്തുന്നില്ല. നമ്മുടെ ബലഹീനത അവന് അപ്രതീക്ഷിതമല്ല. നാം വീഴുമ്പോൾ അവൻ നമ്മെ ഉപേക്ഷിക്കുന്നില്ല.

നാം വീഴുന്നതിന് മുമ്പുതന്നെ അവൻ നമ്മുടെ വീഴ്ച അറിയുന്നു; വീണശേഷം നമ്മെ ഉയർത്താനും അവൻ ശക്തനാണ്. യേശു പശ്ചാത്തപിക്കുന്ന പരാജയപ്പെട്ടവരുടെ മഹത്തായ പുനഃസ്ഥാപകനാണ്പാപത്തെക്കുറിച്ച് അനുതപിക്കുന്ന പരാജയപ്പെട്ടവരെ പുനഃസ്ഥാപിക്കുന്നവനാണ് യേശു. യേശു പത്രൊസിനോട് പറഞ്ഞു: ''നീ തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തുക.'' അതായത്, പത്രൊസിന്റെ പരാജയം അവന്റെ ജീവിതത്തിന്റെ അവസാന അധ്യായമാകില്ല. അവന്റെ പാപത്തിനുശേഷവും യേശുവിന് അവനുവേണ്ടി ഒരു ദൗത്യം ഉണ്ടായിരുന്നു.

കടൽത്തീരത്ത് യേശു വീണ്ടും പത്രൊസിന് ഭൂമിയിൽ ലഭിക്കാവുന്ന ഏറ്റവും വലിയ ക്ഷണം നൽകി: ''എന്നെ അനുഗമിക്ക.'' പത്രൊസിന്റെ പരാജയം പിന്നിൽ ഉപേക്ഷിക്കപ്പെടേണ്ടതായിരുന്നു. മുന്നിൽ രാജ്യത്തിനുവേണ്ടി ചെയ്യാനുള്ള ജോലി ഉണ്ടായിരുന്നു. മുന്നിൽ നിത്യജീവിതത്തിന്റെ പ്രത്യാശ ഉണ്ടായിരുന്നു. അതുകൊണ്ട് പത്രൊസിന്റെ പരാജയം അവന്റെ ജീവിതത്തെ നിർവചിച്ചില്ല. അതുപോലെ നമ്മുടെ പരാജയങ്ങളും നമ്മെ നിർവചിക്കുകയില്ല. നമ്മുടെ ജീവിതയാത്രയിൽ സംഭവിക്കുന്ന ഭയങ്കരവും വിനയത്തിലേക്കു നയിക്കുന്നതുമായ വീഴ്ചകളാണ് അവ. എന്നാൽ അവ നമ്മുടെ യാത്രയുടെ അവസാനമല്ല. നമുക്കുവേണ്ടി ക്രൂശിൽ വില കൊടുത്ത് നമ്മുടെ പാപങ്ങൾ എല്ലാം വഹിച്ച യേശുവിനെ അനുഗമിക്കുന്ന യാത്ര തുടരേണ്ടതാണ്.

പരാജയപ്പെട്ടവരെ യേശു ശക്തിയുടെ പാറകളാക്കുന്നു

പത്രൊസ് ഒരു പരാജയപ്പെട്ട മനുഷ്യനായിരുന്നു. എന്നാൽ അതേ പത്രൊസിനെ യേശു സഭയുടെ ശക്തനായ നേതാവാക്കി. ഒരിക്കൽ ഒരു ദാസിയുടെ മുമ്പിൽ പോലും യേശുവിനെ നിഷേധിച്ച പത്രൊസ് പിന്നീട് ആയിരക്കണക്കിന് ആളുകളുടെ മുമ്പിൽ യേശുക്രിസ്തുവിനെ ധൈര്യത്തോടെ പ്രസംഗിച്ചു. ഒരിക്കൽ ഭയന്ന് ഓടിപ്പോയ പത്രൊസ് പിന്നീട്ക്രിസ്തുവിനുവേണ്ടി കഷ്ടപ്പെടാനും മരിക്കാനും തയ്യാറായി. പരാജയം പത്രൊസിന്റെ അവസാനമല്ലായിരുന്നു. അത് അവന്റെ രൂപീകരണത്തിലെ ഒരു ഘട്ടമായിരുന്നു.

പത്രൊസിന്റെ ജീവിതത്തിലൂടെ നമുക്ക് ഒരു വലിയ സത്യം പഠിക്കാം:ദൈവം നമ്മുടെ പരാജയങ്ങളെ പോലും തന്റെ മഹത്വത്തിനായി ഉപയോഗിക്കാൻ കഴിയും.നമ്മുടെ പരാജയം നമ്മെ താഴ്ത്തുന്നു. നമ്മുടെ ബലഹീനത നമ്മെ ദൈവത്തിൽ ആശ്രയിക്കാൻ പഠിപ്പിക്കുന്നു. നമ്മുടെ വീഴ്ചകൾ കൃപയുടെ വില നമ്മെ മനസ്സിലാക്കിക്കുന്നു.

നമ്മുടെ മുറിവുകൾ മറ്റുള്ളവരുടെ മുറിവുകളെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. ഒരിക്കൽ തകർന്നുപോയ മനുഷ്യനെ, മറ്റുള്ളവരെ ശക്തിപ്പെടുത്തുന്ന ഒരു ഉപകരണമായി ദൈവം മാറ്റുന്നു. യേശു പരാജയപ്പെട്ടവരെ തിരഞ്ഞെടുക്കുന്നു. യേശു പരാജയപ്പെട്ടവരെ പുനഃസ്ഥാപിക്കുന്നു. യേശു പരാജയപ്പെട്ടവരെ ഉപയോഗിക്കുന്നു.

അതുകൊണ്ട് നാം പരാജയപ്പെട്ടപ്പോൾ: ''എന്റെ ജീവിതം അവസാനിച്ചു'' എന്ന് പറയരുത്.

പകരം: ''കർത്താവേ, ഈ പരാജയത്തിലൂടെ എന്നെ എന്താണ് പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത്?'' എന്ന് ചോദിക്കാം. നാം വീണിടത്ത് തന്നെ കിടക്കരുത്.

യേശുവിന്റെ ശബ്ദം കേൾക്കുക: എന്നെ അനുഗമിക്ക.'' നമ്മുടെ കഴിഞ്ഞകാലം യേശുവിന്റെ കൈകളിൽ ഏൽപ്പിക്കാം. നമ്മുടെ പാപങ്ങൾക്ക് ക്ഷമ ചോദിക്കാം. അവന്റെ കൃപ സ്വീകരിക്കാം. വീണ്ടും എഴുന്നേൽക്കാം. വീണ്ടും അവനെ അനുഗമിക്കാം.

മറ്റുള്ളവരെ ശക്തിപ്പെടുത്താം. കാരണം നമ്മുടെ ജീവിതത്തിന്റെ അവസാന വാക്ക് ''പരാജയം'' അല്ല. ക്രിസ്തുവിന്റെ കൃപയാണ്. പത്രൊസിന്റെ ജീവിതത്തെപ്പോലെ, നമ്മുടെ പരാജയങ്ങളെയും ദൈവം തന്റെ മഹത്വത്തിനായി ഉപയോഗിക്കട്ടെ.

പരാജയപ്പെട്ടവരെ ശക്തിയുടെ പാറകളാക്കി മാറ്റുന്നതിൽ യേശുവിന് പ്രത്യേക കഴിവുണ്ട്.





രജിത സജി
കാൺപൂർ

# സഭയ്ക്കായി തന്റെ ഭവനം തുറന്ന സ്ത്രീ

*“ലവുദിക്യയിലെ സഹോദരന്മാർക്കും നുംഫയ്ക്കും അവളുടെ വീട്ടിലുള്ള സഭയ്ക്കും വന്ദനം പറവിൻ.” കൊലൊസ്സ്യർ 4:15*

പുതിയനിയമത്തിൽ അനേകം വ്യക്തികളുടെ ജീവിതത്തെക്കുറിച്ച് വിശദമായ വിവരണങ്ങൾ നാം വായിക്കുന്നു. പത്രൊസിന്റെയും പൗലൊസിന്റെയും യോഹന്നാന്റെയും മറ്റ് അപ്പൊസ്തലന്മാരുടെയും ജീവിതവും ശുശ്രൂഷയും വേദപുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചിലരുടെ ജീവിതം വളരെ ചെറിയ പരാമർശങ്ങളിലൂടെ മാത്രമാണ് നമ്മുടെ മുമ്പിൽ വരുന്നത്. അവരുടെ പേരുകൾ ഒരേയൊരു വാക്യത്തിലോ ഏതാനും വാക്യങ്ങളിലോ മാത്രം കാണപ്പെടുന്നു. എങ്കിലും ആ ചെറിയ പരാമർശങ്ങൾക്കുള്ളിൽ വലിയ ആത്മീയ സത്യങ്ങൾ അടങ്ങിയിരിക്കുന്നു. അത്തരത്തിൽ പുതിയനിയമത്തിൽ അധികം ശ്രദ്ധിക്കപ്പെടാതെ പോയെങ്കിലും ശ്രദ്ധേയമായ ഒരു വ്യക്തിയാണ് നുംഫാ.

നുംഫായെക്കുറിച്ച് നമുക്ക് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ. കൊലൊസ്സ്യർ 4:15-ലാണ് അവളുടെ പേര് കാണുന്നത്. പൗലൊസ് ലവുദിക്യയിലെ വിശ്വാസികൾക്ക് വന്ദനം അറിയിക്കുമ്പോൾ നുംഫയെയും അവളുടെ വീട്ടിലുള്ള സഭയെയും പ്രത്യേകം പരാമർശിക്കുന്നു. അവൾ എന്ത് ജോലി ചെയ്തിരുന്നു, എത്ര സമ്പത്തുണ്ടായിരുന്നു, അവളുടെ കുടുംബപശ്ചാത്തലം എന്തായിരുന്നു തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് തിരുവെഴുത്ത് വിശദീകരിക്കുന്നില്ല. അവൾ ഒരു പ്രസംഗകയായിരുന്നു എന്നോ ഒരു വലിയ നേതാവായിരുന്നു എന്നോ വേദപുസ്തകം പറയുന്നില്ല. എന്നാൽ അവളുടെ ജീവിതത്തെക്കുറിച്ച് പറയുന്ന ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്: അവളുടെ വീട്ടിൽ സഭ കൂടിവന്നിരുന്നു.

ആദ്യകാല ക്രിസ്തീയ സഭയുടെ സാഹചര്യത്തിൽ ഇത് വളരെ പ്രധാനപ്പെട്ട ഒരു സാക്ഷ്യമായിരുന്നു. ഇന്ന് നമുക്ക് സഭയ്ക്കായി പ്രത്യേകമായി നിർമ്മിച്ച കെട്ടിടങ്ങളും ആരാധനാലയങ്ങളും അനേകം സൗകര്യങ്ങളും ഉണ്ട്. എന്നാൽ ആദ്യകാല ക്രിസ്ത്യാനികൾക്ക് എല്ലായിടത്തും അത്തരം സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. പല സ്ഥലങ്ങളിലും വിശ്വാസികൾ വീടുകളിൽ കൂടിവന്ന് ആരാധിക്കുകയും പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അത്തരമൊരു സാഹചര്യത്തിലാണ് നുംഫാ തന്റെ വീട് വിശ്വാസികൾക്കായി തുറന്നുകൊടുത്തത്. അതുകൊണ്ട് അവളുടെ വീട് ഒരു സാധാരണ കുടുംബഭവനം മാത്രമായിരുന്നില്ല; അത് ക്രിസ്തീയ കൂട്ടായ്മയ്ക്കും ശുശ്രൂഷയ്ക്കും ഉപയോഗിക്കപ്പെട്ട ഒരു ഇടമായിരുന്നു.

നുംഫായുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം അവൾക്ക് ഉണ്ടായിരുന്ന വലിയ കഴിവല്ല, മറിച്ച് അവൾക്കുണ്ടായിരുന്നതിനെ ദൈവത്തിനായി ഉപയോഗിക്കാനുള്ള മനസ്സാണ്. അവൾക്ക് ഒരു വീട് ഉണ്ടായിരുന്നു. ആ വീട് അവൾ സ്വന്തം സൗകര്യത്തിനായി മാത്രം ഉപയോഗിച്ചില്ല. ദൈവത്തിന്റെ ജനങ്ങൾക്ക് വേണ്ടി അവൾ അത് തുറന്നുകൊടുത്തു. ചിലപ്പോൾ നമുക്ക് വലിയ കഴിവുകളില്ലെന്ന് നാം ചിന്തിച്ചേക്കാം. വലിയ പ്രസംഗകനാകാൻ കഴിയില്ല, വലിയ സഭ സ്ഥാപിക്കാൻ കഴിയില്ല, വലിയ മിഷനറി പ്രവർത്തനം നടത്താൻ കഴിയില്ല എന്നൊക്കെ കരുതാം. എന്നാൽ നുംഫായുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവത്തിന് വലിയ കഴിവുകളേക്കാൾ സമർപ്പിതമായ ഹൃദയമാണ് ആവശ്യം എന്നതാണ്.

ഒരു വീടിന്റെ വാതിൽ തുറക്കുന്നത് ഒരു ചെറിയ കാര്യമായി തോന്നാം. എന്നാൽ ആ വീട്ടിൽ പ്രാർത്ഥന നടക്കുമ്പോൾ അത് പ്രാർത്ഥനാലയമാകുന്നു. അവിടെ ദൈവവചനം പഠിക്കുമ്പോൾ അത് ഒരു ബൈബിൾ പഠനകേന്ദ്രമാകുന്നു. ദുഃഖിതർക്ക് ആശ്വാസം ലഭിക്കുമ്പോൾ അത് ആശ്വാസത്തിന്റെ ഭവനമാകുന്നു. ആത്മീയമായി ക്ഷീണിച്ചവർക്ക് പ്രോത്സാഹനം ലഭിക്കുമ്പോൾ അത് ശക്തീകരണത്തിന്റെ ഇടമാകുന്നു. സുവിശേഷപ്രവർത്തകർക്ക് വിശ്രമം ലഭിക്കുമ്പോൾ അത് മിഷൻ ശുശ്രൂഷയുടെ ഭാഗമാകുന്നു. നിംഫായുടെ വീട് അത്തരമൊരു ആത്മീയ ഉപയോഗത്തിനായി തുറന്നിരുന്നു.

നുംഫായുടെ ജീവിതം ക്രിസ്തീയ ആതിഥ്യത്തിന്റെ മഹത്തായ മാതൃകയാണ്. റോമർ 12:13-ൽ പൗലൊസ് വിശ്വാസികളെ ''അതിഥിസൽക്കാരത്തിൽ ഉത്സുകരായിരിപ്പിൻ'' എന്ന് ആഹ്വാനം ചെയ്യുന്നു. 1 പത്രൊസ് 4:9-ലും ''പരാതിയില്ലാതെ അന്യോന്യം അതിഥിസൽക്കാരം ചെയ്വിൻ'' എന്ന് പറയുന്നു. ക്രിസ്തീയ ആതിഥ്യം എന്നത് ഒരാൾക്ക് ഭക്ഷണം നൽകുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. മറ്റൊരാൾക്ക് തന്റെ ജീവിതത്തിൽ ഒരു ഇടം നൽകുക, അവന്റെ വേദന കേൾക്കുക, അവനുവേണ്ടി പ്രാർത്ഥിക്കുക, അവനെ പ്രോത്സാഹിപ്പിക്കുക, ആവശ്യസമയത്ത് കൂടെയുണ്ടാകുക എന്നിവയും ക്രിസ്തീയ ആതിഥ്യത്തിന്റെ ഭാഗമാണ്.

നുംഫായുടെ കഥ മറ്റൊരു പ്രധാന സത്യവും നമ്മെ പഠിപ്പിക്കുന്നു. സഭയുടെ ശുശ്രൂഷ പ്രസംഗപീഠത്തിൽ നിന്നുമാത്രമല്ല നടക്കുന്നത്; വീടുകളിൽനിന്നും നടക്കുന്നു. സഭയുടെ വളർച്ചയിൽ പലപ്പോഴും നാം ശ്രദ്ധിക്കാതെ പോകുന്ന അനേകം ശുശ്രൂഷകൾ ഉണ്ട്. ഒരു അമ്മയുടെ പ്രാർത്ഥന, ഒരു കുടുംബത്തിന്റെ ആതിഥ്യം, ഒരു വിശ്വാസിയുടെ പ്രോത്സാഹനവാക്ക്, ഒരു വീട്ടിൽ നടക്കുന്ന ബൈബിൾ പഠനം, ഒരു രോഗിയുടെ അരികിൽ ഇരുന്ന് നടത്തുന്ന പ്രാർത്ഥനഇവയെല്ലാം ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളാണ്. നുംഫാ അത്തരമൊരു മറഞ്ഞിരിക്കുന്ന എന്നാൽ വിലപ്പെട്ട ശുശ്രൂഷയുടെ പ്രതീകമാണ്.

ഇന്നത്തെ ലോകം വലിയ കാര്യങ്ങൾക്കാണ് കൂടുതൽ വില നൽകുന്നത്. വലിയ സ്ഥാപനങ്ങൾ, വലിയ കെട്ടിടങ്ങൾ, വലിയ പരിപാടികൾ, വലിയ ജനക്കൂട്ടങ്ങൾ, വലിയ പേരുകൾ എന്നിവയാണ് വിജയത്തിന്റെ അടയാളങ്ങളായി പലപ്പോഴും കണക്കാക്കപ്പെടുന്നത്. എന്നാൽ ദൈവത്തിന്റെ രാജ്യത്തിൽ കാര്യങ്ങൾ അങ്ങനെയല്ല. മനുഷ്യരുടെ കണ്ണിൽ ചെറുതായി തോന്നുന്ന ഒരു ശുശ്രൂഷ ദൈവത്തിന്റെ കണ്ണിൽ വളരെ വലുതായിരിക്കാം. നുംഫാ ഒരു വലിയ വേദിയിൽ പ്രസംഗിച്ചതായി നമുക്ക് അറിയില്ല. എന്നാൽ അവളുടെ വീട്ടിൽ സഭ കൂടിവന്നതായി നമുക്കറിയാം. അവൾ വലിയ പ്രശസ്തി നേടിയതായി നമുക്കറിയില്ല. എന്നാൽ അവളുടെ വിശ്വസ്തത ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇതിൽ നിന്ന് നമുക്ക് വലിയൊരു പ്രോത്സാഹനം ലഭിക്കുന്നു. നാം ചെയ്യുന്ന ശുശ്രൂഷ പലപ്പോഴും മനുഷ്യരുടെ ശ്രദ്ധയിൽപ്പെടണമെന്നില്ല. നാം ചെയ്യുന്ന കാര്യങ്ങൾക്ക് ആരും നന്ദി പറയാതിരിക്കാം. നമ്മുടെ പേര് ഒരു വേദിയിലും പരാമർശിക്കപ്പെടാതിരിക്കാം. എന്നാൽ അതുകൊണ്ട് നമ്മുടെ ശുശ്രൂഷയ്ക്ക് വിലയില്ലെന്ന് കരുതരുത്. മനുഷ്യർ കാണാത്തത് ദൈവം കാണുന്നു. മനുഷ്യർ ഓർക്കാത്ത വിശ്വസ്തത ദൈവം ഓർക്കുന്നു. നുംഫായുടെ പേര് രണ്ടായിരം വർഷങ്ങൾക്കുശേഷവും നാം വായിക്കുന്നത് അവളുടെ പ്രശസ്തി കൊണ്ടല്ല; അവളുടെ വിശ്വസ്തത കൊണ്ടാണ്.

നുംഫായുടെ ജീവിതം ക്രിസ്തീയ ശുശ്രൂഷയിലെ സ്ത്രീകളുടെ പങ്കിനെയും ഓർമ്മിപ്പിക്കുന്നു. പുതിയനിയമത്തിൽ പല സ്ത്രീകളും ദൈവത്തിന്റെ പ്രവർത്തനത്തിൽ വിലപ്പെട്ട പങ്കുവഹിച്ചു. പ്രിസ്കില്ല, ലുദിയ, ഫീബെ തുടങ്ങിയവരോടൊപ്പം നുംഫായെയും നാം ഓർക്കണം. അവളുടെ ശുശ്രൂഷ ഒരു പ്രത്യേക വേദിയിലല്ല നടന്നത്. അവളുടെ വീട്ടിലായിരുന്നു. എന്നാൽ ആ വീട്ടിൽ സഭ കൂടിയിരുന്നു. അതുകൊണ്ട് അവളുടെ ജീവിതം നമ്മോട് പറയുന്നത് ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി ലഭിച്ച അവസരങ്ങൾ ചെറുതായി കാണരുത് എന്നതാണ്.

നമ്മുടെ വീടുകളെക്കുറിച്ചും നാം ചിന്തിക്കണം. നമ്മുടെ വീട് നമുക്കും നമ്മുടെ കുടുംബത്തിനും മാത്രം വേണ്ടിയുള്ളതാണോ? അതോ ദൈവത്തിന്റെ രാജ്യത്തിനും ഉപയോഗിക്കാവുന്ന ഒരു ഭവനമാണോ? നമ്മുടെ വീട്ടിൽ കുടുംബപ്രാർത്ഥന നടക്കുമോ? ദൈവവചനം വായിക്കപ്പെടുമോ? മറ്റുള്ളവർക്ക് പ്രാർത്ഥിക്കാൻ അവസരം ലഭിക്കുമോ? ദുഃഖിതരായവർക്ക് ആശ്വാസം ലഭിക്കുമോ? യുവാക്കൾക്ക് ആത്മീയ മാർഗനിർദേശം ലഭിക്കുമോ? ഒരു മിഷനറിയോ ദൈവദാസനോ അവിടെ വിശ്രമിക്കുമോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ നിംഫായുടെ ജീവിതം നമ്മോട് ചോദിക്കുന്നു.

നുംഫായുടെ ജീവിതത്തിലെ മറ്റൊരു മനോഹരമായ വശം അവളുടെ സ്വകാര്യതയെ ശുശ്രൂഷയ്ക്കായി സമർപ്പിച്ചതാണ്. ഒരു വീട് നമ്മുടെ സ്വകാര്യ ഇടമാണ്. അവിടെ മറ്റുള്ളവരെ പ്രവേശിപ്പിക്കുമ്പോൾ നമ്മുടെ സൗകര്യങ്ങളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിവരും. സമയം മാറ്റിവയ്ക്കേണ്ടിവരും. ചിലപ്പോൾ സാമ്പത്തിക ചെലവുകളും ഉണ്ടാകും. ചില അസൗകര്യങ്ങൾ സഹിക്കേണ്ടിവരും. എന്നാൽ സ്നേഹത്തിന്റെ പേരിൽ നാം അതിന് തയ്യാറാകുമ്പോൾ നമ്മുടെ സ്വകാര്യ ഇടം ശുശ്രൂഷയുടെ ഇടമായി മാറുന്നു. നുംഫാ അത്തരമൊരു മനസ്സിന്റെ ഉടമയായിരുന്നുവെന്ന് അവളുടെ വീട്ടിലുള്ള സഭയെക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നു.

നുംഫായെക്കുറിച്ച് വേദപുസ്തകം വളരെ കുറച്ച് മാത്രമേ പറയുന്നുള്ളൂ എന്നത് തന്നെ ഒരു വലിയ സന്ദേശമാണ്. ദൈവം തന്റെ രാജ്യത്തിനായി ഉപയോഗിച്ച എല്ലാവരുടെയും ജീവിതം വിശദമായി രേഖപ്പെടുത്തിയിട്ടില്ല. ചിലരുടെ പേരുകൾ വളരെ ചെറിയ രീതിയിൽ മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ ദൈവത്തിന്റെ മുമ്പിൽ ശുശ്രൂഷയുടെ മൂല്യം അതിന്റെ ദൈർഘ്യമോ പ്രശസ്തിയോ അനുസരിച്ചല്ല. വിശ്വസ്തതയാണ് പ്രധാനപ്പെട്ടത്.

നുംഫായുടെ ജീവിതം നമ്മെ ഒരു ലളിതമായ എന്നാൽ ശക്തമായ ചോദ്യത്തിലേക്ക് നയിക്കുന്നു: ''ദൈവം എനിക്ക് നൽകിയിരിക്കുന്നതിനെ ഞാൻ ദൈവത്തിനായി ഉപയോഗിക്കുന്നുണ്ടോ?'' ചിലർക്കു വീടുണ്ട്. ചിലർക്കു സമയം ഉണ്ട്. ചിലർക്കു പണം ഉണ്ട്. ചിലർക്കു അധ്യാപനശേഷിയുണ്ട്. ചിലർക്കു സംഗീതകഴിവുണ്ട്. ചിലർക്കു പ്രാർത്ഥനയുടെ ഭാരമുണ്ട്. ചിലർക്കു ആളുകളെ പ്രോത്സാഹിപ്പിക്കാനുള്ള കഴിവുണ്ട്. ചിലർക്കു മറ്റുള്ളവരെ സ്വീകരിക്കാനുള്ള മനസ്സുണ്ട്. ദൈവം ഓരോരുത്തർക്കും എന്തെങ്കിലും നൽകിയിട്ടുണ്ട്. ചോദ്യം നമുക്ക് എത്രയുണ്ട് എന്നതല്ല; നമുക്കുള്ളത് ദൈവത്തിനായി എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ്.

നുംഫായുടെ പേര് പുതിയനിയമത്തിൽ വളരെ ചെറിയ ഒരു വാക്യത്തിൽ മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ അവളുടെ ജീവിതത്തിന്റെ സാക്ഷ്യം വളരെ വലുതാണ്. ''അവളുടെ വീട്ടിലുള്ള സഭ'' എന്ന വാക്കുകൾ അവളുടെ ശുശ്രൂഷയുടെ ഏറ്റവും മനോഹരമായ വിവരണമാണ്. അവൾ തന്റെ വീട് സഭയ്ക്കായി തുറന്നു. തന്റെ സ്വകാര്യസ്ഥലം ദൈവത്തിന്റെ പ്രവർത്തനത്തിനായി സമർപ്പിച്ചു. അവളുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായി മാറി.

ഇന്ന് നമുക്കും നിംഫായുടെ മാതൃക പിന്തുടരാം. നമ്മുടെ വീടുകൾ പ്രാർത്ഥനയുടെ ഭവനങ്ങളാകട്ടെ. നമ്മുടെ കുടുംബങ്ങൾ സ്നേഹത്തിന്റെ കേന്ദ്രങ്ങളാകട്ടെ. നമ്മുടെ സമയം ദൈവത്തിന്റെ പ്രവർത്തനത്തിനായി സമർപ്പിക്കപ്പെടട്ടെ. നമ്മുടെ കഴിവുകൾ ക്രിസ്തുവിന്റെ മഹത്വത്തിനായി ഉപയോഗിക്കപ്പെടട്ടെ. നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കാൻ കഴിയട്ടെ.

ഒടുവിൽ, നിംഫായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം ഇതാണ്: ദൈവത്തിന് ഉപയോഗിക്കാനായി നാം വലിയവരാകേണ്ടതില്ല; വിശ്വസ്തരായാൽ മതി. വലിയൊരു വേദി ആവശ്യമില്ല; ഒരു തുറന്ന വാതിൽ മതിയാകും. വലിയൊരു ശുശ്രൂഷ ആവശ്യമില്ല; ദൈവത്തിന് സമർപ്പിച്ച ഒരു ഹൃദയം മതിയാകും.

നുംഫായുടെ പേര് ചരിത്രത്തിൽ വലിയ അക്ഷരങ്ങളിൽ എഴുതപ്പെട്ടിട്ടില്ല. എന്നാൽ അവളുടെ വീട് സഭയ്ക്കായി തുറന്നിരുന്നു. അതുകൊണ്ട് അവളുടെ ചെറിയ ശുശ്രൂഷ ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമായി.

നമ്മുടെ പേരും വലിയ ജനക്കൂട്ടങ്ങൾ ഓർക്കണമെന്നില്ല. എന്നാൽ നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് പറയാൻ കഴിയട്ടെ: ''അവൻ വിശ്വസ്തനായിരുന്നു; അവൾ വിശ്വസ്തയായിരുന്നു.''

ഒരു ദിവസം മനുഷ്യരുടെ പ്രശംസയെക്കാൾ വലിയൊരു അംഗീകാരം നമുക്ക് ലഭിക്കട്ടെ:

''നല്ലവനും വിശ്വസ്തനുമായ ദാസനേ, നന്നായി ചെയ്തു.''

നുംഫായുടെ ജീവിതം നമ്മോട് ഇന്നും പറയുന്ന സന്ദേശം ഇതാണ്:

''നിനക്ക് വലിയൊരു വേദി ഇല്ലെങ്കിലും, ദൈവത്തിനായി ഒരു തുറന്ന വാതിൽ ഉണ്ടായിരിക്കട്ടെ.'

# ചൈനയിൽ പ്രമേഹ ചികിത്സയിൽ നിർണായക മുന്നേറ്റം

**ബീജിംഗ്** • പ്രമേഹത്തെ ജീവിതകാലം മുഴുവൻ നിയന്ത്രിക്കുന്ന നിലവിലെ ചികിത്സാരീതികൾക്ക് പകരം ശരീരത്തിലെ ഇൻസുലിൻ ഉത്പാദിപ്പിക്കുന്ന ബീറ്റാ കോശങ്ങൾ പുനഃസ്ഥാപിക്കുന്ന സ്റ്റെം സെൽ ചികിത്സയുമായി ബന്ധപ്പെട്ട ചൈനീസ് ഗവേഷണം വൈദ്യശാസ്ത്രരംഗത്ത് വലിയ പ്രതീക്ഷയ്ക്ക് വഴിയൊരുക്കുന്നു. എന്നാൽ പ്രമേഹം പൂർണ്ണമായി ഭേദമാക്കാനുള്ള ചികിത്സ നിലവിൽ സാധാരണ ഉപയോഗത്തിന് എത്തിയതായി ഇതിനെ വ്യാഖ്യാനിക്കാനാകില്ലെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ടിയാൻജിൻ ഫസ്റ്റ് സെൻട്രൽ ഹോസ്പിറ്റലും പെക്കിംഗ് യൂണിവേഴ്സിറ്റിയും ഉൾപ്പെട്ട ഗവേഷക സംഘം ടൈപ്പ് 1 പ്രമേഹം ബാധിച്ച 25കാരിയിൽ നടത്തിയ പരീക്ഷണമാണ് ശ്രദ്ധ നേടിയത്. രോഗിയുടെ സ്വന്തം കൊഴുപ്പ് കോശങ്ങളിൽ നിന്ന് ഇൻഡ്യൂസ്ഡ് പ്ലൂറിപോട്ടന്റ് സ്റ്റെം സെല്ലുകൾ (iPSC) വികസിപ്പിച്ച് അവയെ ഇൻസുലിൻ ഉത്പാദിപ്പിക്കുന്ന ഐലറ്റ് കോശങ്ങളാക്കി മാറ്റുകയായിരുന്നു ചികിത്സയുടെ പ്രധാന ഘട്ടം.

ചികിത്സയ്ക്ക് ശേഷം രോഗിയുടെ ശരീരത്തിൽ ഇൻസുലിൻ ഉത്പാദനം പുനഃസ്ഥാപിക്കപ്പെട്ടതായും പുറത്തുനിന്നുള്ള ഇൻസുലിൻ ഉപയോഗം ഒഴിവാക്കാൻ കഴിഞ്ഞതായും ഗവേഷകർ റിപ്പോർട്ട് ചെയ്തു. ശരീരത്തിലെ തന്നെ കോശങ്ങളിൽ നിന്ന് പുതിയ ഇൻസുലിൻ ഉത്പാദക കോശങ്ങൾ സൃഷ്ടിക്കാനാകുമെന്ന സാധ്യതയാണ് ഈ പഠനത്തിന്റെ പ്രധാന പ്രത്യേകത.

പ്രമേഹത്തിന് പുതിയൊരു ചികിത്സാ ദിശ തുറക്കുന്ന ഈ ഗവേഷണം വിജയകരമായി വികസിപ്പിക്കാനായാൽ, ഭാവിയിൽ ഇൻസുലിൻ ആശ്രിതരായ നിരവധി രോഗികൾക്ക് വലിയ മാറ്റം സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ശരീരത്തിന്റെ സ്വന്തം കോശങ്ങളെ ഉപയോഗിച്ച് ഇൻസുലിൻ ഉത്പാദനം പുനഃസ്ഥാപിക്കുക എന്ന ആശയം പ്രമേഹ ചികിത്സയിലെ അടുത്ത വലിയ മുന്നേറ്റങ്ങളിലൊന്നായി മാറാനുള്ള സാധ്യതയാണ് ഗവേഷണം ഉയർത്തുന്നത്.

# ലഹരിവിരുദ്ധ പ്രവർത്തനം തടയാൻ ഒറ്റക്കെട്ടായി നിൽക്കണം: രമേശ് ചെന്നിത്തല

**ആലപ്പുഴ** • കേരളത്തിലെ യുവതലമുറയെ ലഹരിയുടെ പിടിയിൽനിന്ന് സംരക്ഷിക്കാൻ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. ഐ.പി.സി സഭയുടെ യുവജന വിഭാഗമായ പെന്തക്കോസ്തൽ യൂത്ത് പീപ്പിൾ അസോസിയേഷൻ (PYPA) സംഘടിപ്പിച്ച സംസ്ഥാനതല ലഹരിവിരുദ്ധ കർമ്മപദ്ധതിയുടെ ഭാഗമായി നടന്ന പരിപാടിയിലാണ് അദ്ദേഹം സംസാരിച്ചത്.

യുവാക്കളിലും വിദ്യാർഥികളിലും വർധിച്ചുവരുന്ന ലഹരി ഉപയോഗം ഗുരുതരമായ സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണെന്ന് ചെന്നിത്തല ചൂണ്ടിക്കാട്ടി. ലഹരിക്കെതിരായ പോരാട്ടം സർക്കാർ സംവിധാനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും കുടുംബങ്ങളും സഭകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹിക സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ലഹരിയുടെ വ്യാപനം തടയുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. യുവാക്കളെ ലഹരിയിൽനിന്ന് അകറ്റുന്നതിനായി കായിക, സാംസ്കാരിക, ആത്മീയ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം വർധിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പെന്തക്കോസ്തൽ യൂത്ത് പീപ്പിൾ അസോസിയേഷൻ നേതൃത്വം നൽകുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയും പരിപാടിയിൽ ചർച്ചയായി. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് യുവാക്കളിലും കുടുംബങ്ങളിലും തുടർച്ചയായ ബോധവൽക്കരണം നടത്താനും ലഹരിക്കടത്തിനെതിരെ ശക്തമായ സാമൂഹിക ഇടപെടൽ നടത്താനും ആഹ്വാനം ചെയ്തു.

പരിപാടിയിൽ സഭാ നേതാക്കളും യുവജന പ്രവർത്തകരും സാമൂഹിക രംഗത്തെ പ്രമുഖരും പങ്കെടുത്തു. പാസ്റ്റർ കെ.സി. ജോൺ, പാസ്റ്റർ കെ.സി. തോമസ്, പാസ്റ്റർ ഷിബു നെച്ചുവേലിൽ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. യുവതലമുറയെ ലഹരിയിൽനിന്ന് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുമെന്ന് സംഘാടകർ അറിയിച്ചു.

# പേഗനിസം പഠിപ്പിച്ച പുരോഹിത യേശുവിനെ കണ്ടുമുട്ടി

**ലണ്ടൻ** • ഏകദേശം 20 വർഷത്തോളം പേഗൻ വിശ്വാസവും ആചാരങ്ങളും പഠിപ്പിക്കുകയും ചെയ്ത ആഷ്‌ലി കോളിൻസിന്റെ ജീവിതം യേശുക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയോടെ പൂർണമായി മാറിയതായി അവർ സാക്ഷ്യപ്പെടുത്തുന്നു.

പേഗൻ വിശ്വാസത്തിൽ വർഷങ്ങളോളം ചെലവഴിച്ചിരുന്ന കോളിൻസ് അതിന്റെ ആശയങ്ങളും ആചാരങ്ങളും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് യേശുവിനെക്കുറിച്ചുള്ള അന്വേഷണത്തിലേക്ക് അവർ എത്തുകയായിരുന്നു. ക്രമേണ ക്രിസ്തുവിന്റെ വ്യക്തിത്വവും സന്ദേശവും തന്റെ മുൻകാല വിശ്വാസങ്ങളിൽനിന്ന് വ്യത്യസ്തമാണെന്ന് അവർ തിരിച്ചറിഞ്ഞു.

യേശുവുമായുള്ള കൂടിക്കാഴ്ച തന്റെ വിശ്വാസത്തെയും ജീവിതദിശയെയും മാറ്റിമറിച്ചുവെന്നാണ് കോളിൻസിന്റെ സാക്ഷ്യം. മുൻകാല ആത്മീയ ജീവിതം ഉപേക്ഷിച്ച് ക്രിസ്തുവിൽ വിശ്വാസം സ്വീകരിച്ചതോടെ തന്റെ ജീവിതത്തിന് പുതിയ അർഥവും ലക്ഷ്യവും ലഭിച്ചതായി അവർ വ്യക്തമാക്കുന്നു. ''പേഗൻ ഹൈ പ്രീസ്റ്റസിൽ നിന്ന് ക്രിസ്തുവിന്റെ അനുയായിയിലേക്ക്'' എന്ന ആഷ്‌ലി കോളിൻസിന്റെ യാത്ര, ദീർഘകാലം മറ്റൊരു വിശ്വാസരീതിയിൽ ജീവിച്ച ഒരാൾക്കും യേശുക്രിസ്തുവിനെ അന്വേഷിച്ച് കണ്ടെത്താനാകുമെന്ന ക്രിസ്തീയ സാക്ഷ്യമായി അവതരിപ്പിക്കപ്പെടുന്നു.

# ദൈവമായി നടിച്ച് ദൈവത്തെ അറിഞ്ഞ് ബ്രയാൻ ഗുവാൻ



**ലണ്ടൻ** • ദൈവം യാഥാർഥ്യമാണെന്ന് വിശ്വസിക്കുന്നതായി ആദ്യം വെറും അഭിനയിച്ചിരുന്ന ബ്രയാൻ ഗുവാൻ പിന്നീട് യേശുക്രിസ്തുവിൽ വിശ്വാസം സ്വീകരിച്ച് ക്രിസ്ത്യാനിയായ അനുഭവം ശ്രദ്ധേയമാകുന്നു. സംശയങ്ങളും ചോദ്യങ്ങളും നിറഞ്ഞിരുന്ന അദ്ദേഹത്തിന്റെ വിശ്വാസയാത്ര ഒടുവിൽ വ്യക്തിപരമായ ക്രിസ്തീയ വിശ്വാസത്തിലേക്ക് നയിക്കുകയായിരുന്നു.

ആദ്യഘട്ടത്തിൽ ദൈവവിശ്വാസത്തെ ഗൗരവമായി കാണാതിരുന്ന ഗുവാൻ, ദൈവം യാഥാർഥ്യമാണെന്ന് കരുതി ജീവിക്കുന്ന ഒരാളായി സ്വയം അവതരിപ്പിക്കുകയായിരുന്നു. എന്നാൽ കാലക്രമേണ വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ അദ്ദേഹത്തെ കൂടുതൽ ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചു.

ദൈവം യഥാർഥത്തിൽ ഉണ്ടോ, ക്രിസ്തീയ വിശ്വാസം വെറും ആചാരമാണോ, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന് മനുഷ്യജീവിതത്തിൽ എന്താണ് അർഥം തുടങ്ങിയ ചോദ്യങ്ങളാണ് അദ്ദേഹത്തിന്റെ ചിന്തകളിൽ പ്രധാനമായത്. ഈ അന്വേഷണത്തിനിടെ ക്രിസ്തീയ വിശ്വാസത്തെ കൂടുതൽ അടുത്തറിയാൻ അദ്ദേഹം ആരംഭിച്ചു.

വെറും അഭിനയമായി ആരംഭിച്ച യാത്ര പിന്നീട് ആത്മീയമായ അന്വേഷണമായി മാറി. ഒടുവിൽ യേശുക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിക്കുകയും തന്റെ ജീവിതത്തിൽ ക്രിസ്തുവിന് സ്ഥാനം നൽകുകയും ചെയ്തതായി ഗുവാൻ പറയുന്നു.

സംശയങ്ങളിൽ നിന്ന് വിശ്വാസത്തിലേക്കുള്ള ബ്രയാൻ ഗുവാന്റെ യാത്ര, ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് ചോദ്യങ്ങളുള്ളവർക്കും ദൈവത്തെ അന്വേഷിക്കുന്നവർക്കും പ്രചോദനമാകുന്ന അനുഭവമായി മാറുകയാണ്.

# കത്തോലിക്കാ എംപിക്ക് വിശ്വാസകാര്യ മന്ത്രിസ്ഥാനം



**ലണ്ടൻ** • കത്തോലിക്കാ എംപിയായ ഫ്ലോറൻസ് എഷലോമിയെ ബ്രിട്ടനിലെ പുതിയ വിശ്വാസകാര്യ മന്ത്രിയായി നിയമിച്ചു. വോക്സ്ഹാൾ ആൻഡ് കാംബർവെൽ എംപിയായ എഷലോമി വിശ്വാസകാര്യങ്ങൾക്കൊപ്പം ഭവനരഹിതർ, ജനാധിപത്യം, സമൂഹകാര്യങ്ങൾ എന്നിവയും കൈകാര്യം ചെയ്യും.

ബ്രിക്സ്റ്റണിലെ ഔർ ലേഡി ഓഫ് ദി റോസറി റോമൻ കത്തോലിക്കാ പള്ളിയിൽ വളർന്ന എഷലോമി, സഭ തന്റെ ജീവിതത്തിന്റെ പ്രധാന ഭാഗമാണെന്ന് നേരത്തെ വ്യക്തമാക്കിയിരുന്നു. Christians in Parliament അംഗവും Friends of CAFOD പാർലമെന്ററി ഗ്രൂപ്പിന്റെ അധ്യക്ഷയുമാണ്.

രാജ്യത്തിന്റെ നവീകരണത്തിലും ദുർബലരായവരുടെ സംരക്ഷണത്തിലും സഭകൾക്ക് പ്രധാന പങ്കുണ്ടെന്ന് അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നൈജീരിയയിലെ ക്രൈസ്തവർക്കെതിരായ പീഡനത്തിനെതിരെയും എഷലോമി ശക്തമായി പ്രതികരിച്ചിട്ടുണ്ട്.

# ബിൽ പിൻവലിച്ചു

**പനാജി** (ഗോവ) • ശക്തമായ പ്രതിഷേധം ഉയർന്നതിനെ തുടർന്ന് മതപരിവർത്തന നിരോധന ബില്ലിൽനിന്നും പിന്തിരിഞ്ഞ് ഗോവൻ സർക്കാർ. ഗോവ മന്ത്രിസഭ ബില്ലിന് അംഗീകാരം നൽകി ദിവസങ്ങൾക്കുള്ളിലാണ് ഈ നാടകീയ മാറ്റം എന്നതാണ് ശ്രദ്ധേയം.

ഗോവ നിയമസഭയുടെ നിലവിലുള്ള വർഷകാല സമ്മേളനത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്ന മതപരിവർത്തന നിരോധന ബിൽ സർക്കാർ പിൻവലിച്ചിരിക്കുകയാണ്. ബില്ലിനെതിരെ ഗോവയിലെ കത്തോലിക്ക സഭയും പ്രതിപക്ഷവും ശക്തമായ പ്രതിഷേധമാണ് ഉയർത്തിയത്. ഭരണപക്ഷ ത്തുനിന്നുതന്നെ എതിർപ്പുകൾ ഉയർന്നിരുന്നു.

നിയമസഭാ നടപടികൾ ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ഭരണപക്ഷത്തെ കത്തോലിക്കാ എംഎൽ എമാരുമായി മുഖ്യമന്ത്രി പ്രമോദ് സാവന്ത് ചർച്ച നടത്തുകയും ബിൽ അവതരിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുമായിരുന്നു. നിയമസഭാ കാര്യസൂചികയിൽനിന്ന് ബിൽ ഒഴിവാക്കുകയും ചെയ്തു.

സമ്മർദ്ദം, സ്വാധീനം, പ്രലോഭനം, വിവാഹം, എന്നിവയിലൂടെയുള്ള മതപരിവർത്തനങ്ങളാണ് നിരോധിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നാണ് ഗവൺമെന്റ് വാദമെങ്കിലും ബില്ലിലെ വ്യവസ്ഥകൾ ഏതുവിധത്തിൽ വേണമെങ്കിലും വളച്ചൊടിക്കാൻ കഴിയുന്നതാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയിൽ സംശയങ്ങൾ തുടക്കം മുതൽ ഉയർന്നിരുന്നു. ഈ നിയമപ്രകാരമുള്ള കുറ്റങ്ങൾക്ക് ജീവപര്യന്തം തടവും കുറഞ്ഞത് 50,000 രൂപ പിഴയും അടക്കമുള്ള കടുത്ത ശിക്ഷകളും വ്യവസ്ഥ ചെയ്തിരുന്നു.

ബിൽ പൂർണമായി ഉപേക്ഷിച്ചതായി സർക്കാർ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഭാവിയിൽ ബിൽ ഭേദഗതി ചെയ്ത് വീണ്ടും അവതരിപ്പിക്കുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുമില്ല.

# 1980-90 കളിലെ വീടുകളിൽ ക്രിസ്തീയ സംഗീതം നിറഞ്ഞത് എങ്ങനെ?




**അമേരിക്ക** • 1980-കളിലും 1990-കളിലും അമേരിക്കൻ ക്രിസ്ത്യൻ കുടുംബങ്ങളിൽ കണ്ടംപററി ക്രിസ്ത്യൻ മ്യൂസിക് (സി സി എം) വലിയ ജനപ്രീതി നേടിയതിന് പിന്നിൽ ശക്തമായ ഒരു ക്രിസ്ത്യൻ സംഗീതവിപണി രൂപപ്പെട്ടിരുന്നതായി ക്രിസ്ത്യാനിറ്റി ലേഖനം വിലയിരുത്തുന്നു.

പ്രധാനധാരയിലെ പോപ്പ്, റോക്ക് സംഗീതത്തിന് ക്രിസ്തീയ വിശ്വാസത്തിന്റെ സന്ദേശവുമായി ഒരു ബദൽ ഒരുക്കുകയായിരുന്നു സി സി എം. പ്രത്യേകിച്ച് കുട്ടികൾക്കും യുവാക്കൾക്കും അനുയോജ്യമായ സംഗീതം നൽകണമെന്ന ക്രിസ്ത്യൻ മാതാപിതാക്കളുടെ താൽപര്യം ഈ രംഗത്തിന്റെ വളർച്ചയ്ക്ക് വലിയ പിന്തുണയായി.

1990-കളിലെ സംഗീതം കേട്ട് വളർന്ന തലമുറ ഇന്ന് 30-40 വയസ്സുകളിലെത്തിയതോടെ ആ കാലഘട്ടത്തിലെ ക്രിസ്തീയ ഗാനങ്ങളോടും കലാകാരന്മാരോടുമുള്ള നൊസ്റ്റാൾജിയ വീണ്ടും ശക്തമാകുകയാണ്. പഴയ ഗാനങ്ങളും ആൽബങ്ങളും ഡോക്യുമെന്ററികളും പുസ്തകങ്ങളും സി സി എംമിന്റെ ചരിത്രത്തിലേക്ക് പുതിയ ശ്രദ്ധ തിരിക്കുന്നതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.

സി സി എം ഒരു പ്രത്യേക സംഗീതശൈലി മാത്രമായിരുന്നില്ലെന്നും, പോപ്പ്-റോക്ക് സംഗീതത്തിന്റെ മാതൃകയിൽ ക്രിസ്തീയ സന്ദേശത്തെ കേന്ദ്രീകരിച്ച് രൂപപ്പെട്ട ഒരു പ്രത്യേക സംഗീതവ്യവസായമായിരുന്നെന്നും ലേഖനം ചൂണ്ടിക്കാട്ടുന്നു. 198090കളിൽ ഇത് ക്രിസ്ത്യൻ കുടുംബങ്ങളുടെയും സഭകളുടെയും യുവജനസംസ്കാരത്തിന്റെയും പ്രധാന ഭാഗമായിരുന്നു.

പിന്നീട് ക്രിസ്ത്യൻ പുസ്തകശാലകൾ, റേഡിയോ, ക്യാമ്പുകൾ തുടങ്ങിയ പരമ്പരാഗത വിതരണരീതികളിൽ മാറ്റം വന്നതോടെ സി സി എംമിന്റെ സ്വാധീനത്തിലും മാറ്റമുണ്ടായി. അതേസമയം സമകാലിക ആരാധനാസംഗീതം കൂടുതൽ ശക്തമായി മുന്നിലെത്തി. ഇന്ന് പഴയ സി സി എം ഗാനങ്ങൾ വീണ്ടും ഓർമ്മിക്കപ്പെടുന്നത് ആ കാലഘട്ടത്തിന്റെ ആത്മീയവും സാംസ്കാരികവുമായ സ്വാധീനത്തിന്റെ തെളിവായാണ് കാണപ്പെടുന്നത്.

# മിഷൻ യൂറേഷ്യയുടെ ബൈബിളുകൾക്കും ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കും വിലക്ക്




**മോസ്കോ** • അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രൈസ്തവ സംഘടനയായ മിഷൻ യൂറേഷ്യയെ റഷ്യ ''അനഭിലഷണീയ സംഘടന''യായി പ്രഖ്യാപിച്ചതിനെ തുടർന്ന്, സംഘടന പ്രസിദ്ധീകരിച്ച ബൈബിളുകളും ക്രൈസ്തവ പുസ്തകങ്ങളും രാജ്യത്തെ സെമിനാരികളിലും പള്ളികളിലും ക്രൈസ്തവ സ്ഥാപനങ്ങളിലും നിന്ന് നീക്കം ചെയ്യാൻ അധികൃതർ നടപടി ആരംഭിച്ചു.

2026 മേയ് 13-ന് മിഷൻ യൂറേഷ്യയെ റഷ്യയുടെ ''അനഭിലഷണീയ സംഘടനകളുടെ'' പട്ടികയിൽ ഉൾപ്പെടുത്തി. തുടർന്ന് സംഘടനയുമായി ബന്ധപ്പെട്ട പുസ്തകങ്ങളും ബൈബിളുകളും കൈവശം വയ്ക്കുന്നതും വിതരണം ചെയ്യുന്നതും നിയമനടപടിക്ക് കാരണമാകാമെന്ന മുന്നറിയിപ്പ് നൽകി. മോസ്കോ തിയോളജിക്കൽ സെമിനാരിയിൽ നടത്തിയ പരിശോധനയിൽ മിഷൻ യൂറേഷ്യ പ്രസിദ്ധീകരിച്ച പുസ്തകങ്ങളും സംഘടനയുടെ ലോഗോ പതിച്ച ബൈബിളുകളും കണ്ടെത്തിയതിനെ തുടർന്ന് സെമിനാരി മേധാവി പ്യോട്ടർ മിറ്റ്സ്കെവിച്ചിന് പിഴ ചുമത്തി. സെന്റ് പീറ്റേഴ്സ്ബർഗ് ക്രിസ്ത്യൻ യൂണിവേഴ്സിറ്റിക്കും മിഷൻ യൂറേഷ്യയുടെ രണ്ട് പുസ്തകങ്ങൾ കൈവശം വച്ചതിനായി 60,000 റൂബിൾ പിഴ ചുമത്തിയതായി റിപ്പോർട്ടുണ്ട്.

മോസ്കോ മേഖലയിലെ ഒരു ബാപ്റ്റിസ്റ്റ് സഭയിൽ നിന്ന് മിഷൻ യൂറേഷ്യ പ്രസിദ്ധീകരിച്ച 178 പുതിയ നിയമങ്ങളും 74 യോഹന്നാന്റെ സുവിശേഷ ഭാഗങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കാൻ കോടതി ഉത്തരവിട്ടു.

1991-ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ശേഷം ആരംഭിച്ച മിഷൻ യൂറേഷ്യ റഷ്യയിലും മറ്റ് മുൻ സോവിയറ്റ് രാജ്യങ്ങളിലും ക്രൈസ്തവ നേതാക്കളെ പരിശീലിപ്പിക്കുകയും ബൈബിളുകളും ക്രൈസ്തവ സാഹിത്യങ്ങളും വിതരണം ചെയ്യുകയും ചെയ്തുവരികയായിരുന്നു. റഷ്യയിൽ സുവിശേഷ പ്രവർത്തനം, വേലീഹീഴശരമഹ ലറൗരമശേീ, വിദേശ ക്രൈസ്തവ സംഘടനകളുമായുള്ള ബന്ധം എന്നിവയ്ക്കുമേൽ നിയന്ത്രണങ്ങൾ വർഷങ്ങളായി വർധിച്ചുവരികയാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. മിഷൻ യൂറേഷ്യക്കെതിരായ പുതിയ നടപടി ക്രൈസ്തവ സമൂഹങ്ങളിൽ ആശങ്ക വർധിപ്പിച്ചിരിക്കുകയാണ്.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 235676, +91 9981571723

# THE SOUL WINNER

VOL 15 • ISSUE 1 SEP 2026

## ജോർദാന്റെ ക്രൈസ്തവ പൈതൃകം അവതരിപ്പിക്കാൻ 'ഡോൺ ഓഫ് ക്രിസ്ത്യാനിറ്റി' മ്യൂസിയം




**വാഷിംഗ്ടൺ ഡി.സി.•** ജോർദാന്റെ സമ്പന്നമായ ബൈബിൾ-ക്രൈസ്തവ പൈതൃകം ലോകത്തിന് പരിചയപ്പെടുത്തുന്ന 'ഖീൃറമി: ഉമംി ീള ഇവൃശശേമിശ്യേ' എന്ന അന്താരാഷ്ട്ര പ്രദർശനം 2027-ലെ ആദ്യ പാദത്തിൽ വാഷിംഗ്ടൺ ഡി.സി.യിലെ മ്യൂസിയം ഓഫ് ദി ബൈബിളിൽ നടത്താൻ ധാരണയായി. ജോർദാൻ ടൂറിസം-പുരാവസ്തു മന്ത്രാലയവും മ്യൂസിയം ഓഫ് ദി ബൈബിളും തമ്മിൽ ഇതുസംബന്ധിച്ച കരാർ ഒപ്പുവച്ചു.

ജോർദാനിലെ ക്രൈസ്തവ ചരിത്രത്തിന്റെ ആദ്യകാലം മുതൽ ഇന്നുവരെയുള്ള തുടർച്ച വ്യക്തമാക്കുന്ന അപൂർവ പുരാവസ്തുക്കളും മ്യൂസിയം വസ്തുക്കളുമാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തുക. യേശുക്രിസ്തുവിന്റെ സ്നാനസ്ഥലമായി അറിയപ്പെടുന്ന ബെഥനി ബിയോണ്ട് ദ ജോർദാൻ (അൽ-മഗ്താസ്), യോഹന്നാൻ സ്നാപകന്റെ ജീവിതവുമായി ബന്ധപ്പെട്ട മക്കേരൂസ്, പുരാതന അഖബാ പള്ളി, പെട്ര, മദബ എന്നിവിടങ്ങളിലെ ക്രൈസ്തവ പൈതൃകങ്ങളും പ്രദർശനത്തിന്റെ പ്രധാന ഭാഗങ്ങളായിരിക്കും.

ഏകദേശം 90 അപൂർവ പുരാവസ്തുക്കൾ ഉൾപ്പെട്ട പ്രദർശനം നേരത്തെ വത്തിക്കാനിലും ഇറ്റലിയിലെ അസീസിയിലും അവതരിപ്പിച്ചിരുന്നു. ജോർദാനിലെ ക്രൈസ്തവ സാന്നിധ്യത്തിന് ഏകദേശം രണ്ടായിരം വർഷത്തെ ചരിത്രപരമായ തുടർച്ചയുണ്ടെന്ന് വ്യക്തമാക്കുകയാണ് പ്രദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

യേശുക്രിസ്തുവിന്റെ സ്നാനത്തിന്റെ 2,000-ാം വാർഷികാഘോഷത്തിനായുള്ള ജോർദാന്റെ തയ്യാറെടുപ്പുകളുടെ ഭാഗമായും ഈ പ്രദർശനത്തെ കാണുന്നു. ലോകമെമ്പാടുമുള്ള ക്രൈസ്തവ തീർഥാടകരെ ജോർദാനിലെ ബൈബിൾ-ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ആകർഷിക്കുന്നതിനും രാജ്യത്തിന്റെ ക്രൈസ്തവ പൈതൃകം അന്താരാഷ്ട്ര തലത്തിൽ അവതരിപ്പിക്കുന്നതിനും പ്രദർശനം സഹായിക്കുമെന്ന് അധികൃതർ പ്രതീക്ഷിക്കുന്നു.

## യുക്രെയ്ൻ യുദ്ധത്തിൽ ലോകം മടുപ്പ് കാണിക്കരുതെന്ന് ഇവാഞ്ചലിക്കൽ നേതാക്കൾ

**കീവ് •** യുക്രെയ്ൻ-റഷ്യ യുദ്ധം തുടരുന്നതിനിടെ, യുക്രെയ്നോടുള്ള ലോകത്തിന്റെ പിന്തുണയും പ്രാർത്ഥനയും ക്ഷയിക്കരുതെന്ന് ആഹ്വാനം ചെയ്ത് യൂറോപ്പിൽ നിന്നുള്ള ഇവാഞ്ചലിക്കൽ നേതാക്കൾ കീവിൽ നടന്ന മൂന്നാമത് ദേശീയ പ്രാർത്ഥനാ പ്രഭാതഭക്ഷണത്തിൽ പങ്കെടുത്തു. ഓഗസ്റ്റ് 23ന് നടന്ന പരിപാടിയിൽ 17 രാജ്യങ്ങളിൽ നിന്നായി 1,500-ലധികം പേർ പങ്കെടുത്തു.

യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കിയുടെ രക്ഷാകർതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ രാഷ്ട്രീയ നേതാക്കൾ, മതനേതാക്കൾ, സൈനിക ചാപ്ലെയിന്മാർ, യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. യുക്രെയ്ൻ സ്വാതന്ത്ര്യത്തിന്റെ 35-ാം വാർഷികത്തിന് ഒരു ദിവസം മുമ്പായിരുന്നു പ്രാർത്ഥനാ സംഗമം.

ലോക ഇവാഞ്ചലിക്കൽ അലയൻസ് സെക്രട്ടറി ജനറൽ റവ. ബോട്രസ് മൻസൂർ അറബി ഭാഷയിൽ പ്രത്യേക പ്രാർത്ഥന നടത്തി. യുക്രെയ്ൻ ജനതയ്ക്കും സഭയ്ക്കും വേണ്ടി ലോകമെമ്പാടുമുള്ള ക്രൈസ്തവർ തുടർന്നും പ്രാർത്ഥിക്കുകയും സമാധാനത്തിനായി പ്രവർത്തിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

യുദ്ധത്തോടുള്ള ലോകത്തിന്റെ ശ്രദ്ധയും താൽപര്യവും കാലക്രമേണ കുറഞ്ഞുപോകുന്നതാണ് ഇപ്പോഴത്തെ വലിയ അപകടമെന്ന് സെലൻസ്കി പറഞ്ഞു. യുദ്ധമുഖത്തെ ക്ഷീണത്തേക്കാൾ ലോകം യുദ്ധത്തെ ഒരു സാധാരണ സംഭവമായി കാണാൻ തുടങ്ങുന്നതാണ് വലിയ അപകടമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തടങ്കലിലുള്ളവർക്കും യുദ്ധരംഗത്തുള്ളവർക്കും നീതിയുക്തവും ശാശ്വതവുമായ സമാധാനത്തിനുമായി പ്രാർത്ഥിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യുക്രെയ്ൻ സന്ദർശിച്ച പത്ത് അംഗ ഇവാഞ്ചലിക്കൽ പ്രതിനിധിസംഘം ലിവിവ്, ഇർപിൻ, ബുച്ച തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചു. യുദ്ധത്തിന്റെ നാശനഷ്ടങ്ങൾ നേരിട്ട് കണ്ട സംഘം പിന്നീട് യുക്രെയ്ൻ ഇവാഞ്ചലിക്കൽ സഭകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രാദേശിക പാസ്റ്റർമാരുമായി സംസാരിച്ചു.

മുൻ അമേരിക്കൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസ് സമ്മേളനത്തിൽ പ്രസംഗിച്ച് യുക്രെയ്ൻ ജനതയുടെ വിശ്വാസവും സ്വാതന്ത്ര്യത്തിനായുള്ള പ്രതിബദ്ധതയും പ്രശംസിച്ചു. യുക്രെയ്നിന് പ്രത്യേകിച്ച് ശീതകാലത്തിന് മുമ്പ് കൂടുതൽ വ്യോമ പ്രതിരോധ സംവിധാനങ്ങൾ ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

യുദ്ധത്തിന്റെ ദുരിതങ്ങൾക്കിടയിലും യുക്രെയ്ൻ സഭയുടെ സാക്ഷ്യവും സേവനവും തുടരുന്നതായി റവ. മൻസൂർ പറഞ്ഞു. ലോകമെമ്പാടുമുള്ള ക്രൈസ്തവർ യുക്രെയ്ൻ ജനതയ്ക്കും അവിടത്തെ സഭയ്ക്കുമായി ''മടുത്തുപോകാതെ പ്രാർത്ഥിക്കണം'' എന്നതാണ് സമ്മേളനത്തിൽ ഉയർന്ന പ്രധാന ആഹ്വാനം.

## 14.83 കോടി തിരുവെഴുത്തുകൾ വിതരണം ചെയ്ത് യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്

**ലണ്ടൻ •** ലോകമെമ്പാടുമുള്ള ബൈബിൾ വിതരണ പ്രവർത്തനത്തിൽ ശ്രദ്ധേയമായ നേട്ടവുമായി യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ് (ഡആട). 2025ൽ സംഘടന 14.83 കോടി അച്ചടിച്ച തിരുവെഴുത്തുകൾ വിതരണം ചെയ്തതായി പുതുതായി പുറത്തിറക്കിയ ഡആട ഉശൃെേശയൗശേീി ടമേശെേശെര ഞലുീൃ 2025 വ്യക്തമാക്കുന്നു. സംഘടനയുടെ 80-ാം വാർഷികാഘോഷങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ കണക്കുകൾ പുറത്തുവന്നത്.

വിതരണം ചെയ്തവയിൽ 2.24 കോടി സമ്പൂർണ ബൈബിളുകളും, 1 കോടി പുതിയ നിയമങ്ങളും, 11.59 കോടി തിരുവെഴുത്തുകളുടെ ഭാഗങ്ങളും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളും ഉൾപ്പെടുന്നു. 1946ൽ പ്രവർത്തനം ആരംഭിച്ച യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ് ഇതുവരെ ലോകത്തെ 240 രാജ്യങ്ങളിലായി 25 ബില്യൺ തിരുവെഴുത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഏകദേശം 1.1 ബില്യൺ സമ്പൂർണ ബൈബിളുകളും ഉൾപ്പെടുന്നു.

അച്ചടിച്ച ബൈബിളുകളുടെ വിതരണത്തോടൊപ്പം ഡിജിറ്റൽ ബൈബിൾ ഉപയോഗത്തിലും വലിയ വർധനവാണ് 2025ൽ ഉണ്ടായത്. ബൈബിൾ സൊസൈറ്റികളുടെ ഡിജിറ്റൽ വിഭവങ്ങൾ 2.64 കോടി തവണ ഡൗൺലോഡ് ചെയ്യപ്പെട്ടു. ബൈബിൾ അധ്യായങ്ങൾ 3,220 കോടി തവണ വായിക്കപ്പെടുകയോ കാണപ്പെടുകയോ ചെയ്തു. മുൻവർഷത്തെ അപേക്ഷിച്ച് ഇത് 13.8 ശതമാനം വർധനവാണ്. ഓഡിയോ തിരുവെഴുത്തുകൾ 140 കോടി തവണ കേൾക്കുകയും ചെയ്തു.

സമ്പൂർണ ബൈബിൾ അച്ചടിച്ച് വിതരണം ചെയ്തതിൽ സ്പാനിഷ്, പോർച്ചുഗീസ്, ഇംഗ്ലീഷ്, മാൻഡറിൻ, ഇൻഡോനേഷ്യൻ ഭാഷകളാണ് മുന്നിൽ. സ്വാഹിലി, ഫ്രഞ്ച്, ടഗാലോഗ്, തെലുങ്ക്, കൊറിയൻ തുടങ്ങിയ ഭാഷകളും ആദ്യ പത്ത് സ്ഥാനങ്ങളിൽ ഇടം നേടി.

''എല്ലാവർക്കും തങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലും രൂപത്തിലും ദൈവവചനം വായിക്കാനും കേൾക്കാനും അവസരം ഒരുക്കുക'' എന്ന ദൗത്യമാണ് 80 വർഷമായി ബൈബിൾ സൊസൈറ്റി പ്രസ്ഥാനത്തെ നയിക്കുന്നതെന്ന് ഡആട വ്യക്തമാക്കി. അച്ചടിച്ച ബൈബിളിന്റെ പ്രാധാന്യം തുടരുമ്പോഴും മൊബൈൽ ഫോണുകളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ദൈവവചനത്തിലേക്കുള്ള പുതിയ വഴികളായി മാറുകയാണെന്നും സംഘടന ചൂണ്ടിക്കാട്ടി.

## ഐ.പി.സി. മിഡ് വെസ്റ്റ് റീജിയൺ കൺവൻഷന് അനുഗ്രഹീത തുടക്കം.




**സാൻ അന്റോണിയോ •** പിശാച് ഒരുക്കുന്ന സാഹചര്യ സമ്മർദ്ദങ്ങളെ വിട്ടോടുവാനും പ്രലോഭനങ്ങളെ നിരാകരിക്കുവാനും ഉള്ള ആത്മീയ പക്വതയാണ് ഇന്നിന്റെ ആവശ്യമെന്ന് പാസ്റ്റർ അനീഷ് ഏലപ്പാറ പ്രസ്താവിച്ചു. സാൻ അന്റോണിയോയിൽ ആരംഭിച്ച ഐ.പി.സി. മിഡ് വെസ്റ്റ് റീജിയൺ കോൺഫറൻസിന്റെ പ്രാരംഭ ദിനത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സാത്താന്യ പദ്ധതികളെ തിരിച്ചറിഞ്ഞ് ആത്മബലത്തിന്റെ പുത്തൻ തലങ്ങളിലേക്ക് ഉയരുവാൻ വിശ്വാസ സമൂഹം തയാറാകണമെന്നും അദ്ദേഹം ഉദ്ബോധി പ്പിച്ചു. വടക്കേ അമേരിക്കയിലെ ഐ.പി.സി. റീജിയണുകളിൽ പ്രമുഖമായ മിഡ് വെസ്റ്റ് റീജിയണിന്റെ വാർഷിക സമ്മേളനം ചരിത്ര നഗരമായ സാൻ അന്റോണിയോയിൽ സെപ്റ്റംബർ 4-ന് റീജിയൺ പ്രസിഡന്റ് റവ. ഷിബു തോമസ് പ്രാർത്ഥിച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സാൻ അന്റോണിയോ ഇന്റർനാഷണൽ ബൈബിൾ ചർച്ച് മന്ദിരമാണ് ഈ വർഷത്തെ സമ്മേളനത്തിന് വേദിയാകുന്നത്. റീജിയൺ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെയിംസ് പൊന്നോലിൽ അധ്യക്ഷത വഹിച്ച ഉദ്ഘാടന യോഗത്തിൽ പാസ്റ്റർ റെനി ചെറിയാൻ പ്രാരംഭ സന്ദേശം നൽകി. ജോയിന്റ് സെക്രട്ടറി വെസ്ലി മാത്യു സ്വാഗതം ആശംസിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ വിവിധ പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്:

- സെപ്റ്റംബർ 5 (ശനി): രാവിലെ നടക്കുന്ന സഹോദരി സമ്മേളനത്തിൽ സിസ്റ്റർ അക്സാ പീറ്റേഴ്സൺ മുഖ്യസന്ദേശം നൽകും. തുടർന്ന് youth/children വിഭാഗങ്ങൾക്കായി ജഥജഅ താലന്ത് പരിശോധന, ഉണർവ്വ് യോഗം, ഔട്ട്ഡോർ ഇവാഞ്ചലിസം, പൊതുയോഗം എന്നിവ നടക്കും.
- സെപ്റ്റംബർ 6 (ഞായർ): രാവിലെ 9:00 ന് നടക്കുന്ന സംയുക്ത ആരാധനയോടും വിശുദ്ധ കർതൃമേശയോടും കൂടെ ഈ വർഷത്തെ കൺവൻഷൻ സമാപിക്കും.

സാം മാത്യു, മീഡിയ കോർഡിനേറ്റർ

## 32 മാസത്തിന് ശേഷം മോചനം



**റാമല്ല •** ഇസ്രായേൽ ജയിലിൽ 32 മാസം തടങ്കലിൽ കഴിഞ്ഞ പലസ്തീൻ ക്രൈസ്തവൻ റാമി ഫദായേൽ ഓഗസ്റ്റ് 20ന് മോചിതനായി.

തടങ്കലിൽ കഴിയുന്നതിനിടെ അറബി ഭാഷയിലുള്ള ബൈബിൾ ലഭ്യമാക്കണമെന്ന ആവശ്യം പലതവണ ഉന്നയിച്ചെങ്കിലും അത് അനുവദിച്ചിരുന്നില്ല. നിയമനടപടികൾക്ക് പിന്നാലെ ഈ വർഷം ഒരു ഇസ്രായേൽ കോടതി അദ്ദേഹത്തിന് ബൈബിൾ ലഭിക്കണമെന്ന് ഉത്തരവിട്ടിരുന്നു. എന്നാൽ കോടതി ഉത്തരവിന് ഏകദേശം രണ്ടു മാസം കഴിഞ്ഞാണ് ജൂൺ 8ന് അദ്ദേഹത്തിന് ഹീബ്രു ഭാഷയിലുള്ള പഴയനിയമ ഗ്രന്ഥം ലഭിച്ചത്. ഹീബ്രു ഭാഷയിൽ പ്രാഥമിക പരിജ്ഞാനം മാത്രമുള്ള ഫദായേലിന് അത് വായിക്കാൻ ഏറെ ബുദ്ധിമുട്ടായിരുന്നു.

ജൂലൈ 21ന് ജയിൽ വിഭാഗം മാറ്റുന്നതിനിടെ ആ ഹീബ്രു ബൈബിളും അധികൃതർ പിടിച്ചെടുത്തു. തുടർന്ന് വീണ്ടും നിയമപരമായി പരാതി നൽകിയതിനെത്തുടർന്ന്, മോചിതനാകുന്നതിന് ഒരു ദിവസം മുമ്പ് ഓഗസ്റ്റ് 19ന് അദ്ദേഹത്തിന് അറബി ഭാഷയിലുള്ള ബൈബിൾ ലഭിച്ചു.

ജയിൽവാസകാലത്ത് ഭക്ഷണം പരിമിതപ്പെടുത്തിയിരുന്നതായും മർദനം പതിവായിരുന്നെന്നും വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന സാധനങ്ങൾ പോലും നിഷേധിച്ചിരുന്നെന്നും ഫദായേൽ പറഞ്ഞു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ബൈബിൾ വാക്യം മത്തായി 4:4 ആയിരുന്നു: ''മനുഷ്യൻ അപ്പംകൊണ്ടു മാത്രം ജീവിക്കുന്നതല്ല; ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന സകല വചനത്താലും ജീവിക്കുന്നു.''

## ബൈബിളും ഞങ്ങളും: ആയിരങ്ങൾ പങ്കെടുത്തു

**മെക്സിക്കോ സിറ്റി •** ബൈബിൾ പഠനത്തിലൂടെയും ആരാധനയിലൂടെയും ക്രിസ്തീയ വിശ്വാസവും ആത്മീയ തിരിച്ചറിവും ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ മെക്സിക്കോ സിറ്റിയിലെ എറീന സിയൂഡാട് ഡെ മെക്സിക്കോയിൽ നടന്ന പ്രത്യേക ക്രൈസ്തവ സമ്മേളനത്തിൽ ആയിരക്കണക്കിന് സ്ത്രീകൾ പങ്കെടുത്തു. 'ഠവല ആശയഹല മിറ ഡഴ' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയായിരുന്നു ഇത്.

മിഷേൽ റൂയിസ് നേതൃത്വം നൽകിയ പരിപാടിയിൽ വിവിധ ക്രൈസ്തവ പ്രഭാഷകരും ആരാധനാ ശുശ്രൂഷകരും പങ്കെടുത്തു. സോണിയ ലൂണ, അന ഗബ്രിയേല ഫിദാൽഗോ, ഗ്ലോറിയാന മോണ്ടെറോ, എസ്റ്റർ അഗ്വാരോൺ തുടങ്ങിയവർ സന്ദേശങ്ങൾ പങ്കുവെച്ചു. കരൻ എസ്പിനോസയും റിയോ വർഷിപ്പ് സംഘവും ആരാധനയ്ക്ക് നേതൃത്വം നൽകി. വേദനയുടെയും ആത്മീയ അന്വേഷണത്തിന്റെയും കാലഘട്ടത്തിൽ ബൈബിളിൽനിന്ന് ആശ്വാസവും ദിശാബോധവും കണ്ടെത്തിയ അനുഭവമാണ് ഈ ശുശ്രൂഷയ്ക്ക് തുടക്കമായതെന്ന് മിഷേൽ റൂയിസ് പറഞ്ഞു. പിന്നീട് ചെറിയ ബൈബിൾ പഠനസംഘമായി ആരംഭിച്ച പ്രവർത്തനം സ്ത്രീകളെ തിരുവചനം വായിക്കുന്നതിൽ മാത്രമല്ല, അത് മനസ്സിലാക്കി ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലും സഹായിക്കുന്ന ശിഷ്യത്വ പദ്ധതിയായി വളർന്നു.

## ഇടയശുശ്രൂഷയിൽ മലയാളി വനിതാ പാസ്റ്റർ ഏയ്ഞ്ചൽ ജമീമ പോൾ



**ലീഡ്സ് •** അസംബ്ലീസ് ഓഫ് ഗോഡ് ഗ്രേറ്റ് ബ്രിട്ടന്റെ ഓർഡിനേഷൻ ലഭിച്ച സിസ്റ്റർ ഏയ്ഞ്ചൽ ജമിമ പോൾ ലീഡ്സ് റിവൈവൽ ചർച്ചിന്റെ അസോസിയേറ്റ് പാസ്റ്ററായി ചുമതലയേറ്റു. അസംബ്ലീസ് ഓഫ് ഗോഡ് ഗ്രേറ്റ് ബ്രിട്ടന്റെ കീഴിലുള്ള സഭയാണ്. യുകെ.യിലെ ഇംഗ്ലണ്ടിലെ യോർക്ക് ഷെയർ കൗണ്ടിയിലെ ലീഡ്സിൽ പ്രവർത്തിക്കുന്ന ലീഡ്സ് റിവൈവൽ ചർച്ച്

അസംബ്ലീസ് ഓഫ് ഗോഡ് ഗ്രേറ്റ് ബ്രിട്ടന്റെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് പീറ്റർബറോ യിലെ കിംഗ്സ് ഗേറ്റ് കോൺഫറൻസ് സെന്ററിൽ 2026 മെയ് 14 മുതൽ 16 വരെ നടന്ന സമ്മേളനത്തിലാണ് ഏയ്ഞ്ചൽ ജമീമ പോളിന് ഓർഡിനേഷൻ ലഭിച്ചത്.

തിരുവനന്തപുരം വിളപ്പിൽശാല സ്വദേശിനിയായ ഏയ്ഞ്ചൽ ജമീമ പോൾ 2014 മുതൽ ശുശ്രൂഷാരംഗത്ത് സജീവമാണ്. 2020 മുതൽ ലീഡ്സിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭയിൽ സഹശുശ്രൂഷകയായി സേവനം അനുഷ്ഠിച്ചുവരുന്നു. യോർക്ക് ഷെയർ കൗണ്ടിയിലെ വിവിധ സഭകളുടെ സഹസ്ഥാപകയായും സിസ്റ്റർ ഏയ്ഞ്ചൽ പ്രവർത്തിച്ചിട്ടുണ്ട്. ഇടയ ശുശ്രൂഷയിലേക്ക് പുതിയതായി സഹോദരിമാർക്ക് പ്രവേശിക്കാൻ ഏയ്ഞ്ചൽ ജമീമ പോളിന് ലഭിച്ച അംഗീകാരം പ്രചോദനമാകും.

തിരുവനന്തപുരം വെള്ളനാട് സ്വദേശിയും ലീഡ്സ് അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സീനിയർ പാസ്റ്ററുമായ റവ. പോൾ യാനി ജയരാജാണ് ഭർത്താവ്. പൗലീന ഏയ് ഞ്ചൽ പോൾ മകളാണ്.